

# കിൻസൂഗി – ഹൃദയം പുണരുന്ന മുറിവുകൾ

രഞ്ജിത് കണ്ണൻകാട്ടിൽ

**Kintsugi — Hṛidayam Puṇarunna Muṛivukaḷ**
Malayalam poetry
by **Ranjith Kaṇṇankāṭṭil**
First published: 2016

Copyright © 2016, Ranjith Kaṇṇankāṭṭil

First EPUB/PDF version published: 2016

These electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2016. ePub version was generated by TeX4ht from the same LaTeX sources. The base font used was traditional script of Rachana, designed by K. H. Hussain, *et al.* The font used for Latin script was TeX Gyre Pagella developed by GUST, the Polish TeX Users Group.

Cover painting: *Poplars near Nuenen* by Vincent van Gogh (1853–1890). Image of the painting has been taken from Wikimedia.org which is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: http://www.sayahna.org

# ഉള്ളടക്കം


ഉള്ളടക്കം . . . . . . . . . . . . iii

1 ചെമന്നീല . . . . . . . . 1
2 മാലാഖദാവീദ് . . . . . . . . 3
3 ഹെൽപ്പറായി ജീവിച്ച് ഹെൽപ്പറായി മരിക്കുന്ന വരെപ്പറ്റി . . . . . . . . 5
4 ജനനമൊഴി . . . . . . . . 7
5 നേരം കെട്ടിയാടുന്ന പൊട്ടൻ തെയ്യങ്ങൾ . 9
6 ആക്സിഡന്റ് അഥവാ അവഗണിക്കപ്പെട്ടവന്റെ താരാട്ട് . . . . . . . . 11
7 തികച്ചും "സ്വാഭാവിക"മായ ഒരു പുലയപ്പാട്ട് 13
8 കറുത്ത നിൽപ്പ് . . . . . . . . 17
9 മുലക്കച്ചകൾ . . . . . . . . 19
10 ന്റെ കൊടുങ്ങല്ലൂരമ്മേ . . . . . . . . 21
11 അവളിരുട്ട് . . . . . . . . 23
12 കാറ്റേ... . . . . . . . . 25
13 ഉറുമ്പരിച്ച എരിവുകൾ . . . . . . . . 27
14 ഓസ്മോസിസ് . . . . . . . . 29
15 സ്വപ്നപാചകം . . . . . . . . 31
16 നവോത്ഥാനം . . . . . . . . 33
17 പൊക്കിൾക്കൊടി . . . . . . . . 35
18 ഇവ ഈയലുകളല്ല . . . . . . . . 37
19 തീ . . . . . . . . 39
20 ജഡത്വത്തിന്റെ തനത് പകർപ്പുകൾ . . . . 41
21 നിർമ്മാണത്തൊഴിലാളികൾ . . . . . . . 43
22 നഗരപാത . . . . . . . . 45
23 റിവേഴ്സ് എഞ്ചിനീയറിംഗ്* . . . . . . . . 47
24 പാസ്കൽസ് വേജർ . . . . . . . . 49
25 ഓം . . . . . . . . 51
26 തുടർനീതി . . . . . . . . 53
27 ഉറക്കം എന്ന സംഭാവ്യതയെക്കുറിച്ച് . . . 55
28 ഹർത്താൽ/മരണപ്പെടുന്നത് . . . . . . . 59
29 യേശുവത്കരണത്തിന്റെ നക്ഷത്രനാളുകൾ – ദൃക്സാക്ഷി വിവരണം . . . . . . . . 61
30 പുകയുന്നവ . . . . . . . . 63
31 വെളിച്ചേറ്റെറക്കം . . . . . . . . 65
32 അമാൻഡാ ജോസിയുടെയും ജാരൻ . . . . 67
33 വിപ്ലവകാരി . . . . . . . . 69
34 ജിപ്സിപ്പല്ല് . . . . . . . . 71
35 പൊറകോട്ട് . . . . . . . . 73
36 നീളം . . . . . . . . 75
37 മാറാലത്വം . . . . . . . . 77
38 മീൻപിറവി . . . . . . . . 79
39 അജ്ഞാതജഡം . . . . . . . . 81
40 വിജാഗിരികൾ . . . . . . . . 83

## രഞ്ജിത് കണ്ണൻകാട്ടിൽ: ജീവചരിത്രക്കുറിപ്പ്



ജയയുടെയും ബാലകൃഷ്ണന്റെയും മകനായി തൃശൂർ ജില്ലയിലെ കൊടുങ്ങല്ലൂരിൽ 1992-ൽ ജനനം. തൃശൂർ ഗവ. എഞ്ചിനീയറിംഗ് കോളേജിൽ നിന്ന് സിവിൽ എഞ്ചിനീയറിംഗിൽ ബിരുദവും, ഐ. ഐ. റ്റി. മദ്രാസിൽ നിന്ന് കൺസ്ട്രക്ഷൻ ടെക്നോളജി ആൻഡ് മാനേജ്മെന്റിൽ ബിരുദാനന്തരബിരുദവും നേടി. ഛത്തീസ്ഗഢിലെ ബസ്തറിൽ നിർമ്മാണമേഖലയിൽ ജോലി ചെയ്യുന്നു.

വിലാസം: കണ്ണൻകാട്ടിൽ വീട്, പി. ഒ. കുളിമുട്ടം, തൃശൂർ 680691, കേരളം
ഇ-മെയിൽ: <ranjeethkkb@gmail.com>
മൊബൈൽ: +91 7000 97 3972

.

# 1

## ചെമന്നീല

ചുവന്ന കളങ്ങളുള്ള കുപ്പായത്തിൽ
നീലവരകൾ കൂടി വേണം.
ചുവന്ന കളങ്ങളൊന്നും പരസ്പരം തൊടാതിരിക്കുന്നെന്ന്
നീലവരകൾ ഉറപ്പുവരുത്തുന്ന വിധത്തിലാകണം
രൂപകല്പന.

അകാലത്തിലെങ്ങാൻ നരച്ചുപോകുന്ന
ഒരു ചുവപ്പുകളമുണ്ടെങ്കിൽ,
“നരച്ചുപോയല്ലോ അത്, അഹോ കഷ്ടം”
എന്ന് നിലവിളിച്ച്,
അതുകൂടി ചായം തേച്ച് നീലയാക്കുക,
ചുവപ്പ് ഒരിക്കലും അംഗീകരിച്ചുകൂടാത്ത
അനുവദിച്ചുകൂടാത്ത നിറപ്രസരമാണ്.
അപായമാണ്.
വരിനെല്ലുകണക്ക്
എങ്ങാനുമൊരു ചുവപ്പു കിളിർത്തുപോയാൽ,
കരിനീലവിഷച്ചാറൊഴിച്ച്
കരിച്ചു കളയുന്നതിൽ തെറ്റില്ല.

തുടക്കത്തിൽ തന്നെ
ചുവപ്പ് കീറിക്കളഞ്ഞുകൂടെ എന്നൊന്നും ചോദിക്കല്ലേ,

---

...ഏതു് രണ്ടിടത്താണെങ്കിലും, നിവർത്തിയ ഭൂപടത്തിൽ കോറുന്ന ഒറ്റ വരകൊണ്ട് ബന്ധിപ്പിക്കാവുന്ന ദൂരമേ നമുക്കിടയിലുള്ളൂ!

കരിനീല കുപ്പായമിട്ടാൽ പോരേ എന്നൊട്ടും ചോദിക്കല്ലേ,
വെളിപ്പെടുന്ന നഗ്നതയ്ക്ക് ആരുത്തരം പറയും?
നാട്ടു നിറഞ്ഞ ചുവപ്പുന്നൂലുകളെല്ലാം കടലിൽ തള്ളുമോ?

...പൊട്ടിയ മാലയിൽ നിന്നും മുത്തുകൾ ഊർന്ന് പോകുന്നത് പോലെ ദിവസങ്ങൾ ചോർന്നുപോയിട്ടും കാലത്തിന്റെ കനം കുറയാത്തത് എന്തുകൊണ്ടായിരിക്കും?

# 2

## മാലാഖദാവീദ്

കോമേനപ്പറമ്പിൽനിന്നും ചെട്ടുവാർകോട്ടത്തേക്കുള്ള
മൂന്നാമത്തെ ബസ്സ്,
മൂന്നാമത്തെ വളവിൽ
മൂന്ന് പേരെയും കൊണ്ട്
ഒരു കൊക്കയിലേക്ക് ചാടുന്നു.

കണ്ടക്ടർ,
കാക്കിക്കുപ്പായക്കാരനല്ലാത്തതിനാൽ,
നിയമലംഘനങ്ങളുടെ ഊരാക്കുടുക്ക്
അയാളുടെ കഴുത്തിൽ കുരുങ്ങി,
പാറേലിടിച്ച്
തലച്ചോറ് ചെത്തിപ്പൂ കണക്ക്
ചിതറുംമുന്നേ ശ്വാസം മുട്ടി മരിച്ചു.

ഡ്രൈവർ,
പത്തിലധികം സ്ത്രീകളെ പ്രാപിച്ച
ഒരു അഗമ്യഗമകനാണ്.
കൽപ്പരവതാനിയിൽ,
രക്തമുന്തിരികളുടക്കും മുന്നേ
സദാചാര-സംസ്കാരസർപ്പങ്ങളയാളെ
കൊത്തിക്കൊന്നു.

---

...ഒരാൾ, മഴ ഇഷ്ടമാണ് എന്ന കാരണം കൊണ്ട് മാത്രം കലണ്ടറിലെ എല്ലാ മാസങ്ങൾക്കും ജൂൺ എന്ന് പേരിടുന്നു. തികച്ചും അത്ഭുതം എന്ന കണക്ക് അയാൾക്ക് ചുറ്റും എപ്പോഴും മഴ പെയ്യുന്നു

ദാവീദേട്ടൻ,
കപ്യാരായിരുന്നു, കുന്നമ്മേപ്പള്ളീലെ.
ശുദ്ധൻ, ദയാലു, ഭക്തൻ
ഒരു മദ്യപാനിപോലുമല്ലാത്ത നസ്രാണി.
ബസ്സു വീഴുന്നേരം
അയാളൊരു മാലാഖയായി
പറന്നുപോയിക്കാണണം.

...നിരത്തിൽ നിൽക്കുമ്പോൾ മാത്രമാണ് തോന്നുക, ഇതിന്റെ മറ്റേതോ ഒരറ്റത്ത് നിന്റെ കാല്പാടുകൾ പതിയുന്ന ഉമ്മറമുണ്ടാകുമല്ലോ എന്ന്. തീർച്ചയായും എനിക്ക് എത്തിച്ചേരാനാകുന്ന ഒരിടം!

# 3

## ഹെൽപ്പറായി ജീവിച്ച് ഹെൽപ്പറായി മരിക്കുന്നവരെപ്പറ്റി

ചന്ദ്രേട്ടനെപ്പോലെ,
ഒരു തൊഴിലും പഠിക്കാനാകാതെ,
പണി നിർത്തുന്ന കാലം വരെ
മേസ്തിരിയുടെ ആട്ടും തുപ്പും കൊണ്ട്
പണിയെടുക്കുന്നവരുണ്ട്.

ദൂരെദൂരെ കൂടിയിരിക്കുന്ന
ഇഷ്ടികക്കുഞ്ഞുങ്ങളെ
ഇത്തിരിപോലും തട്ടുകേട് കൂടാതെ
പതുങ്ങിപ്പതുങ്ങി താങ്ങിവരണം.
കട്ടയടുക്കി കഴിഞ്ഞാൽ
മേസ്തിരി കനപ്പിച്ചൊന്നു നോക്കും.
“സിമന്റ് കൂട്ട്രാ മൈരേ”ന്ന് അലറും.
ഇത്തിരിക്കോളം വെള്ളമൊന്ന് കൂട്യാ,
“പോയി നിന്റമ്മക്ക് പിണ്ഡം വെക്ക്രാ”ന്ന്
ആക്രോശിക്കും.

പണി തൊടങ്ങണേനുമുന്നേ
സൈറ്റിലൊരു പൊടികാണാത്തവിധം
ചത്തു ക്ലീൻ ചെയ്യണം.
പണി കഴിഞ്ഞാ

---

...ഇരുളിന്റെ ഉടുപ്പിൽ കൊളുന്ന് പോയ നമ്മുടെ ഏറ്റവും പ്രിയപ്പെട്ട ഗാനത്തിലെ ചില വരികളാണ് നക്ഷത്രങ്ങൾ...

മേസ്തിരീന്റെ തോർത്തുമുണ്ടടക്കം കഴുകിക്കൊടുക്കണം.
കോലരീമ്മെ നഖത്തുമ്പിന്റത്രിം സിമന്റ് കണ്ടാ മതി,
അന്നത്തെ കൂലി കൊറയും.

നടുവളഞ്ഞുറച്ച് പോകുന്നത്ര കല്ലുകോരണം.
പൊടിപടലങ്ങൾ കണ്ണിൽ
ഭൂപടങ്ങൾ നിറച്ച് വരച്ച്
സമുദ്രജലപ്രവാഹങ്ങളുണ്ടാക്കുന്നത്ര മണ്ണരിക്കണം.
കെട്ടിത്തീർത്ത കല്ലുമല
വെള്ളം കോരി മുഴുക്കെ നനയ്ക്കണം.

കൂലി തരുമ്പോ,
"മുന്നൂറ്റമ്പതുർപ്യല്ലേ കൊറവൊള്ളൂട
കഴുവേർടെ മോനേ,
നെനക്കെന്താ പണിട്ത്താ" എന്നൂടി കേട്ട്
അന്നന്നത്തെ സെഷൻ
ശോകമൂകമായി വൈൻഡപ്പ് ചെയ്യണം.
ശീലായീന്നേ...

---

...എഴുതാൻ മടിക്കുമ്പോൾ വിരലിൽ നിന്നും പിണങ്ങിയിറങ്ങിപ്പോകുന്ന വാക്കുകൾ; അവഗണനയാൽ പിന്തിരിയാതെ നടന്നകലുന്ന ചില മനുഷ്യരെപ്പോലെ, പിന്നീടൊരിക്കലും തിരിച്ച് വരാറില്ല.

# 4

## ജനനമൊഴി

സർ,
ഞാനാണ് ജനനം.
പെണ്ണിന്റെ വാരിയെല്ല് നുറുക്കി,
ഒരു പെരുക്കത്തിന്റൊച്ച കീറിയാർത്ത്,
ള്ളേ ള്ളേ ന്നും മക്കാറായി അവതരിക്കുന്ന
അതേ ജനനം.

പിറവിയുടെ നാരറുക്കവേ,
മൂന്നോ നാലോ നിമിഷങ്ങൾക്കപ്പുറം
ഞാൻ മരണപ്പെടുകയും ചെയ്യുന്നു!
സർ,
പിന്നീട്,
മുട്ടയിലും മൈദയിലും കുഴഞ്ഞ്
ഉജാലയിൽ കുളിച്ച്
രംഗോലിപ്പൊടി നുണഞ്ഞ്
ചളിവെള്ളത്തിൽ ശവാസനപ്പെട്ട്
ഇടുപ്പുരന്ന കിടിലൻ പെട വാങ്ങിപ്പിച്ച്
കൊല്ലംതോറും
ഞാൻ ഓർമ്മിപ്പിക്കാനെത്തും.
തല്ലിപ്പഴുപ്പിച്ച ആശംസകൾ വായിപ്പിച്ച്
പിന്നേം മക്കാറാക്കും.

...കാലാന്തരേ മഷി മാഞ്ഞു പോകുന്ന എഴുത്താണ് ചിലർ. അവരെ വായിക്കേണ്ട സമയത്ത് വായിച്ചില്ലെങ്കിൽ പിന്നീടൊരിക്കലും അതിന് സാദ്ധ്യമായെന്ന് വരില്ല.

“ഹാപ്പി ബർത്ത്ഡേ ഡിയർ.... muahhh...:–*”
എന്ന മെസേജിൽ,
അന്നനിരസിച്ച പ്രണയമല്ലേ കൊരുത്തത്
എന്നനിന്നെ കൊതിപ്പിക്കും (വെർത്യാഷ്ടാ!)

സർ,
ഒടുക്കം
മരണത്തിനുശേഷം
സ്ഥിരമായി ഞാനങ്ങ് ജനിക്കും.
ഹാളിനു നടുക്ക്,
ഓറഞ്ച് ലൈറ്റിനു മീതെ,
കവിളൊട്ടി തലനരച്ച ഫോട്ടോക്ക് കീഴിൽ
ഞാനൊരിരിപ്പുണ്ട്.
മൂന്നാം തലമുറ വീടുപൊളിക്കുന്നത് വരെ
പത്തമ്പതു കൊല്ലം
തുമ്മിപ്പണ്ടാരടങ്ങിയൊരിപ്പുണ്ട് കേട്ടോ!

...ജീവിതം ഒരു നിറകുടമാണ്. ഒരു തുള്ളി പുതുതായി വന്ന് ചേർന്നാൽ മറ്റൊരു തുള്ളി തുളുമ്പിപ്പോയേ ആകൂ.

# 5

## നേരം കെട്ടിയാടുന്ന പൊട്ടൻ തെയ്യങ്ങൾ

സമയമടുക്കിവച്ച
കൂറ്റൻ ഘടികാരശാലയ്ക്കുമുകളിൽ
ഒരു അക്കഗോപുരമുണ്ട്.
സമയത്തുണ്ടുകളെ ഒരു പ്രതിമ
അവിടെനിന്നും വലിച്ചെറിയും.

ആകാശപ്പറവകളും,
അറവുമാടുകളും,
തെരുവുതെണ്ടികളും ഒഴികെ
എല്ലാവരും
ചുവട്ടിൽ തിരക്കുകൂട്ടിനിൽപ്പുണ്ട്,
സമയോസ്തികൾ പകുക്കാതെ
തട്ടിപ്പറിച്ച് പായുവാനാകണം.

നാഴികമണിയുട ഒച്ചവെളിച്ചങ്ങൾ
മിന്നിയിറങ്ങുമ്പൊഴേയ്ക്കും
ആരെങ്കിലും നേർകീഴിൽ ചെന്ന്
ഉദിച്ച നേരവുമെടുത്ത്,
വിറച്ച് പൊള്ളി,
ജീവിതത്തിലേയ്ക്ക് മരിച്ചുവീഴുന്നത് കാണാം.

...ആകാശത്തിനും മേഘത്തിനും ഇടയിൽ മിന്നൽ മൂർച്ച കൂട്ടുന്ന ആല ഒന്നുണ്ട്. അവിടെ ചില കുഞ്ഞുങ്ങൾ വെളിച്ചം കൊണ്ട് നിർമ്മിച്ച ശരീരവുമായി പിറന്ന് വീഴാറുണ്ട്. ഇമദാരുക്കൾ എന്ന് പേരുള്ള അവരാണത്രേ നമ്മുടെ സ്വപ്നങ്ങളിൽ ഓരോരുത്തരുടെ വേഷമണിഞ്ഞ് വരുന്നത്!

ആകാശപ്പറവകൾ,
ഊഴമിട്ടു പാളിയിറങ്ങി,
ആകാത്ത അന്തിച്ചുവപ്പിനെയോർത്ത്
പരിതപിക്കുന്നു.

അറവുമാടുകൾ
പിച്ചാത്തിക്കവാടത്തിനപ്പുറം
വിശപ്പില്ലാത്തിടത്തേക്കുള്ള
സ്വർഗ്ഗാരോഹണം കൊതിച്ച്
അമറിക്കൊണ്ടേയിരിക്കുന്നു.

തെരുവുതെണ്ടികൾ,
ഇനിയും കടന്നുപോകാത്ത ഉച്ചയെ,
"വിശപ്പേ വിശപ്പേ" എന്നാർത്തുവിളിച്ച്
ഉച്ചാടനംചെയ്യാൻ ശ്രമിക്കുന്നു.

നേരമില്ലാത്തവരുടേയും
നേരമുള്ളവരുടേയും തെരുവിലെ
അക്കഗോപുരം
സമയമാട്ടിയുറഞ്ഞുതുള്ളുന്ന
പൊട്ടൻ തെയ്യമായിരിക്കുന്നു
നിങ്കള കൊത്ത്യാലും ചോരേല്ലെ ചൊവ്വറെ,
(നിങ്കള നേരോം നേരോല്ലെ ചൊവ്വറെ)
നാങ്കള കൊത്ത്യാലും ചോരേല്ലെ ചൊവ്വറെ,
(നാങ്കള നേരോം നേരോല്ലെ ചൊവ്വറെ)
പിന്നെന്ത് ചൊവ്വറു പിശക്ക്ന്ന്,
തീണ്ടിക്കൊണ്ടല്ലേ കുലം പിശ്ക്ക്ന്ന്...

---

...നീ മറ്റൊരു ഋതുവിലെ ശലഭമാണ്.

# 6

## ആക്സിഡന്റ് അഥവാ അവഗണിക്കപ്പെട്ടവന്റെ താരാട്ട്

രാത്രിനഗരത്തിന്റെ പമ്പ്ബ്ലോച്ചകൾക്ക് പുറകിൽ
ഉളുമ്പുമണമുള്ള തെരുവിന്റെ
ഇടനെഞ്ചു തുളച്ചാണ്
അയാളുടെ വാഹനം നിന്നത്.

നിലയ്ക്കാത്ത രക്തപ്രവാഹമായിരുന്നു.

റോഡിന്റെ ഇരുകരകളും
പൊട്ടിപ്പിളർന്നു.
നട്ടെല്ലുതകർന്നൊരു പോസ്റ്റ്,
അരികത്ത് നിന്ന് വേച്ചു വീഴുന്നത്
ഒരാൾപോലും കണ്ടില്ലെന്ന് നടിച്ചു.

ഇരുമ്പുപാളികൾ ആഴ്ന്നുകീറിയ
മുറിപ്പാടിൽനിന്നും അടർന്നുപോയ
മെറ്റൽക്കുഞ്ഞുങ്ങൾ,
പൊള്ളിവിണ്ട താറുടുപ്പിനുള്ളിൽ
കറുത്തുപേടിച്ചിരുന്ന്
ഏകാന്തബസ്സുയാത്രകളുടെ
ചക്രച്ചവിട്ടുമരണം സ്വപ്നംകണ്ടു.
ഇരുമുലകളും ചെത്തിച്ചുരന്നപ്പോൾ

...ഒരിക്കലും കോപ്പി ചെയ്യാനാകാത്ത ജീവിതങ്ങളുണ്ട് പകർത്തിയാൽ ഒരുപക്ഷേ അതുൾക്കൊള്ളാൻ നമുക്ക് കരുത്ത് കാണില്ല.

നിലയ്ക്കാത്ത രക്തപ്രവാഹമായിരുന്നു

അമ്മറോഡിനെയാർക്കും എപ്പോഴും
ചവിട്ടിയും തുപ്പിയും
പീഡിപ്പിക്കാവുന്നതാണെന്ന്
പണ്ടേ പഠിച്ചിരുന്നല്ലോ.
പിഞ്ഞിക്കീറിയ ഉടലും മണ്ണിൽ പാകി
അടർന്ന മേനിക്കഷണങ്ങളിൽ
ഉമ്മവച്ചുറങ്ങുന്ന
ചെമ്പിച്ച മഴച്ചാലുകളെനോക്കി
നിശബ്ദയായി അവർ.

ഞങ്ങളെ ചീന്തിയെടുത്തയാൾ
ആശുപത്രിയിലെ ശീതീകരിച്ച മുറിയിലുറങ്ങുകയോ
രാജകീയമായി സംസ്കരിക്കപ്പെടുകയോ ചെയ്തിരിക്കാം.

ചിനച്ച കുഞ്ഞുങ്ങളെ
പിഴുതെറിയാൻ വെമ്പിനിൽക്കുന്ന
വിണ്ടതെരുവുകൾ ഒരുപാട് ബാക്കിയുണ്ട്.
രാജകീയവാഹനങ്ങളുടെ
ഇരുമ്പുമ്മകളുമായി,
ഇനിയും വരുമെങ്കിലുമൊരു ചോദ്യം,
“വഴികളെയെങ്കിലും വെറുതേ വിടാമോ?”

...പിറവിയിലേ പിളർന്ന് രണ്ടായ ആത്മാക്കളാണ് ആത്മാർത്ഥപ്രണയത്തിനിരുപുറം. ഒന്ന് മറ്റൊന്നിലേയ്ക്കുള്ള പാത സദാ തിരഞ്ഞുകൊണ്ടേയിരിക്കുന്നു.

# 7

## തികച്ചും "സ്വാഭാവിക"മായ ഒരു പുലയപ്പാട്ട്

മൂന്നാംക്ലാസിൽ പഠിയ്ക്കുമ്പോഴാണ്
സ്വാഭാവികമെന്ന വാക്ക് ഒന്നാംതവണ കേട്ടത്.
"കള്ളപ്പൊലയന്റെ മോൻ തോറ്റേല്
എന്താപ്പിത്രഅത്ഭുതം, സ്വാഭാവികം"
ആരോയെന്റെ മീതേയ്ക്ക്
വാക്കുകൾ തുപ്പിയാട്ടി.
ക്ലാസ് ചാർജ്ജുണ്ടായിരുന്ന
ഗായത്രിവർമ്മ ടീച്ചർടെ സാരിയിൽ
അറിയാതെ പറ്റിയെന്റെ മൂക്കള
കോലോത്തെ പറമ്പിൽ
ചാരമായി പറന്നുപോയി.

തഹസീൽദാരുടെയടുത്ത്
ഇംഗ്ലീഷിലുള്ള കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന്
മൂന്നാഴ്ച കാത്തുനിൽക്കേണ്ടി വന്നപ്പോഴാണ് പിന്നെ.
"ഡാ പൊലയച്ചെക്കാ...
നിയ്യൊക്കെ കാരണം
ഞങ്ങടെ കുട്ട്യോൾടെ സീറ്റാ പോണേ" എന്ന
പ്യൂണിന്റെ അമർഷത്തിനുമീതേയ്ക്ക്
"ഇവറ്റോൾക്കെല്ലേ എല്ലാമുള്ളൂ,
ഹാ സ്വാഭാവികം"

---

...ഇഴകീറും മുൻപേ ഉടുപ്പുകളുപേക്ഷിക്കുക. മുറിവും തുന്നൽപ്പാടും എപ്പോഴും വ്യഥ തളം കെട്ടി നിൽക്കുന്നേടങ്ങളാണ്

എന്ന് ക്ലർക്കൊരുവൾ ഒഴുക്കനെ പറഞ്ഞു.
AIR[1] – 27 എന്ന് അക്കമിട്ട,
കാറ്റഗറൈസ് ചെയ്യാത്ത ഒരു സ്കോർ കാർഡ്
ബാഗിലിരുന്ന് വെന്തുനീറുന്നുണ്ടായിരുന്നു.

ബി.ടെക്ക് ഫസ്റ്റ് റാങ്ക് പലർക്കും
പൊലയന്റെ
“സ്വാഭാവിക” കപടവിജയം തന്നെയെന്നതിൽ
തെല്ലും തർക്കമുണ്ടായില്ല.
സിവിൽ സർവ്വീസിൽ
അഞ്ഞൂറ്റിനാല്പത്തൊമ്പതാം റാങ്ക് ലഭിച്ചതിന്റെ പിറ്റേന്ന്,
കരിവീട്ടിയിൽ കാക്കിപുതയ്ക്കുന്ന സ്വപ്നവുമായി
ഉമ്മറത്തിരിക്കുമ്പോൾ, പത്രം വന്നു.
“തൃശ്ശൂരിന്റെ തീരപ്രദേശത്തുനിന്നുമുള്ള
ദളിത് വിദ്യാർത്ഥിയാണ്
ഇത്തവണ ഐ പി എസ് നേടിയ നാലാമൻ”
കവലയിലേയ്ക്കിറങ്ങിയപ്പോൾ,
തലേന്ന് പി.എച്ച്.ഡി. ലഭിച്ച
“ആരതി നമ്പ്യാരു”ടെ ഫ്ലക്സും
എസ് എൻ ഡി പി അനുമോദനയോഗത്തിൽ
നിന്നുമുയർന്ന ഉച്ചഭാഷിണിയൊച്ചയും
എന്നെ നോക്കി അസഭ്യച്ചിരി ചിരിച്ചു.
ഉൾതടാകങ്ങളിലൊരു കടച്ചിൽ.
എന്റേത്, പൊലയന്റെ “സ്വാഭാവിക”വിജയമാണല്ലോ.

ഹൈദരാബാദ് എൻ പി എ[2] യിലെ ക്ലാസ് റൂമുകളിൽ
കാലാ മദ്രാസി ലേബലിൽ
ജാത്യന്തരം ഒളിച്ച് കഴിച്ചുകൂട്ടി.
ബിഹാർ കേഡറിൽ ചാർജ്ജെടുത്തതിനപ്പുറം
പല ബലാത്സംഗങ്ങൾ,
ദളിത് കൊലപാതകങ്ങൾ,
സത്യേന്ദ്ര ദുബേ[3] യുടെ മരണം, എല്ലാം
“സ്വാഭാവികം” എന്ന കുറിപ്പടിയോടെ

---

1 AIR — All India Rank.
2 NPA — National Police Academy.
3 Satyendra Dubey — A Bihari IES (Indian Engineering Service) officer who fought corruption involved in NHAI projects and got murdered in 2003.

പൂതലിച്ച മരയലമാരകളിൽ ഉറങ്ങുന്നതിന്
ഞാനെത്രയോവട്ടം സാക്ഷ്യം വഹിച്ചിരിക്കുന്നു.

മുതിരയ്ക്കലെ ചരുപ്പിൽ പൊന്തിയ അച്ഛനെ
മൂന്ന് തേങ്ങ കൂട്ടുതലെടുത്തതിന്
പണ്ടേ പലരും
"സ്വാഭാവികമായി" കൊന്നതായിരുന്നല്ലോ.

…രാവിന്റെ ചില്ലകൾ എന്റെ ശിരസ്സിലേയ്ക്ക്, നിന്റെ ഞരമ്പുകൾ പാഞ്ഞ സ്വപ്നത്തിന്റെ ഇലകളും, നിന്നെ പൊതിഞ്ഞുകാത്ത വിത്തുകളും ഒന്നൊന്നായി പൊഴിച്ചു. അങ്ങനെയാണ് ഞാൻ നീയാരണ്യമായിത്തീർന്നത്.

# 8

## കറുത്ത നിൽപ്പ്

തരിക, നിറമറ്റ മോഹവാസന്തത്തിൻ
പൂങ്കുയിൽനാദമില്ലാത്ത തെരുവുകൾ.
തരിക, ചോളപ്പരപ്പിനാൽ മൂപ്പെത്താ-
ത്തരിശുഭ്രമികൾ കാളുന്ന വയറുകൾ,
ഇടവഴിക്കണ്ണിൽ കാടത്തമിരുളുന്ന
പകലുനേരങ്ങൾ, ജീവന്റെ താളങ്ങൾ.

നാളെ-പ്പുലരുവാനുള്ള കാലത്തികവിനെ
തലയിൽ വേവിച്ചു പൊള്ളിനിൽക്കാറുള്ള
തെരുവുതെണ്ടികൾ, സമരസഖാക്കൾക്ക്
തരിക, നിങ്ങളാൽ കാണാത്തിടങ്ങളേ.

അന്തിയാകുമ്പോൾ തൻ-കഴുത്തെത്തുന്ന
ആര്യകാമങ്ങൾ, ധീരമായ് ഛേദിച്ച
മാർവിടങ്ങളാൽ തോൽപ്പിച്ച പെണ്ണിവൾ
കാരിരുമ്പുപോൽ ദ്രാവിഡക്കാർമുകിൽ.

ഹേമരാജികൾ മേനിതോൽപ്പിക്കാത്ത,
പാതിരാവിൻ കറുപ്പുപോൽ ശക്തനാം
കാട്ടുകാലത്തിൻ പെയ്ത്തുകൊണ്ടോനിവൻ
പെരുമ്പാറപോലുള്ള ദ്രാവിഡപ്പൗരുഷം.

...എന്നെ ഒളിച്ചുവയ്ക്കുന്നിടത്തേയ്ക്ക് എന്തിനാണ് നീ ചോർന്ന് വീഴുന്നത്?

നിൽപ്പ്, ശാന്തത വെന്തു പറക്കുന്ന
ശബ്ദായമാനമാം ധ്യാനാന്ത്യകാഹളം.
സമരഭൂമികച്ചേറിൽ പതയ്ക്കുന്ന
മാംസസ്പർശിയാം മണ്ണുടൽ ജീവനം.

തരിക, നിറമറ്റ മോഹവാസന്തത്തിൻ
പൂങ്കുയിൽനാദമില്ലാത്ത തെരുവുകൾ.
തരിക, ചോളപ്പരപ്പിനാൽ മൂപ്പെത്താ-
ത്തരിശുഭൂമികൾ കാളുന്ന വയറുകൾ,
ഇടവഴിക്കണ്ണിൽ കാടത്തമിരുളുന്ന
പകലുനേരങ്ങൾ, ജീവന്റെ താളങ്ങൾ.

നാളെ-പ്പുലരുവാനുള്ള കാലത്തികവിനെ
തലയിൽ വേവിച്ച പൊള്ളിനിൽക്കാറുള്ള
തെരുവുതെണ്ടികൾ, സമരസഖാക്കൾക്ക്
തരിക, നിങ്ങളാൽ കാണാത്തിടങ്ങളേ.

...നൂലിഴയകന്നിട്ടും അറ്റം വലിഞ്ഞിട്ടും പാകമാകാതിരുന്നിട്ടും പകിട്ടാകെ കുറഞ്ഞിട്ടും കളയാതെ വച്ചിട്ടുള്ള ചില ഉടുപ്പുകളില്ലേ? മനസ്സലമാരയിൽ നിന്നും ഇനിയും ഇറക്കി വിടാത്ത ചിലരെപ്പോലെ

# 9

## മുലക്കച്ചകൾ

കാട്ടിനു ചേർന്ന പിന്നാമ്പുറത്ത്
പേടിപ്പെടുത്തുന്ന നിശബ്ദതയിൽ,
ഇത്തിരിപ്പോന്ന ജനല്ക്കമ്പികളിൽ
കാറ്റുതടഞ്ഞും, പിടഞ്ഞും
അതിസാഹസികമായി കിടക്കാറുണ്ട്.
വഴിവക്കിലെ ജനലുകളാണെങ്കിൽ,
അയലത്തോ അകലത്തോ നിന്നുള്ളവരുടെ
കണ്ണുടച്ചാഞ്ഞുവരുന്ന
ലേസറുകൾ പൊള്ളിക്കും.

മെക്കിട്ടുകയറ്റത്തിനിടയിൽ ചിലപ്പോൾ
വലിഞ്ഞും മുറുകിയും
പുതുനൂലുകൾ പൊട്ടിത്തകരും.
ഒളിച്ചിരിപ്പാണു പണി, എങ്കിലും
അല്പമൊന്നു വെളിയിലായാൽ തുടങ്ങും
ഇരുണ്ട ചുണ്ടാർദ്രമാകുന്ന ഊളനോട്ടങ്ങൾ.
നിറമൊന്നു കനത്ത്,
അല്പം നിഴലായിപ്പോയെങ്കിലും

…അക്ഷരങ്ങൾക്ക് വഴിതെറ്റിയ നിലാവുദിക്കാത്ത രാവിൽ, രണ്ടു വാക്കുകൾ ഒരു പായൽപ്പടവിലൂടെ വഴുതി വെള്ളത്തിലേയ്ക്കു അമരുന്നു. ഞാൻ. നീ. നമുക്കിടയിൽ അനേകസഹസ്രം വർഷങ്ങളിൽ മേഘങ്ങളിൽ, മരപ്പോടുകളിൽ, ദർഭത്തുമ്പിലെ മൃതിഗാഢശൂന്യതയിൽ പരകായപ്രവേശം നടത്തിയ ജലബിന്ദുക്കൾ. ആ നമുക്കിടയിൽ നമ്മൾ രണ്ടുപേർ. ആ നമുക്കിടയിൽ പിന്നെയും നാം രണ്ടു പേർ പിന്നെയും വേർതിരിക്കാ-നാകാത്ത വിധം പിണഞ്ഞു ചേർന്ന നമ്മുടെ ശിലാരൂപങ്ങൾ, മൺതരികൾ, ജലബിന്ദുക്കൾ.

പുറം ലോകം കാൺകെ വന്നാലുടൻ
അളവെടുപ്പും അവലോകനവും.
ബസ്സിൽ നിൽക്കേ
കക്ഷത്തിനിടയിലൂടല്പം ശ്വസിച്ചാൽ
ആത്മഹത്യയാണ് നല്ലതെന്ന് പോലും തോന്നും.

പറമ്പിലെ അയയിൽ തൂങ്ങുമ്പോൾ
ചില പൊലയാടിമക്കൾ
മുളകുപൊടി തൂവിപ്പോയിട്ടുണ്ട്.
മറ്റു ചിലവന്മാർ കട്ടോണ്ടു പോയി
അവരുടെ...

...ആരിലും വേരോടിക്കാത്തതുകൊണ്ടാകണം ഒരു ശിഖരത്തിലേക്ക് പോലും പ്രണയാശ്ലേഷം എത്താതെ പോയത്.

# 10

## ന്റെ കൊടുങ്ങല്ലൂരമ്മേ

പടാകുളത്തേയ്ക്കും പെരിഞ്ഞനത്തേയ്ക്കും
പറവൂരിലേയ്ക്കും ഇരിങ്ങാലക്കുടയിലേയ്ക്കും
കൈയ്യും കാലും നിവർത്തിക്കിടക്കുന്ന
നരോദാ പാട്യയിലെ തട്ടമിട്ട മുഖഛായയുള്ള
നഗ്നയായൊരു പെണ്ണാണ് കൊടുങ്ങല്ലൂർ.

അവളുടെ ചങ്കിൽനിന്നും
എന്റെ ചങ്കിലേയ്ക്ക് തുറക്കുന്ന
കിഴക്കാം തൂക്കായ പാലമുണ്ട്.
കാലങ്ങളായി ജീവിച്ചു പോരുന്ന
വിശ്വാസങ്ങളെ ഒറ്റയുന്തിന്
പുഴയാഴങ്ങളിലേയ്ക്ക് തെറിപ്പിച്ചുകളയുന്നവരുണ്ട്.
മൂർന്ന പച്ചമാംസത്തിന്റെ നിറമുള്ള
കുറി തൊട്ടവർ.

കണ്ണിൽക്കോറിപ്പറന്ന കരിയിലയുടെ
പൊടിഞ്ഞ ഓർമ്മനീറ്റം പോലെ
കുറേ വേദനകൾ
ഉള്ളുമുറിച്ചും കരിച്ചും ഞരങ്ങുന്നു.

കാളീക്ഷേത്രത്തിന്റെ അറപ്പകിട്ടിലെ

നിലവിളക്കുകൾ തൂക്കി വിറ്റ്,
തൂവിക്കളയുന്ന മഞ്ഞപ്പൊടി
കോട്ടപ്പുറം ചന്തയിൽ കൊടുത്ത്,
നീളെനീളെത്തെറിയ്ക്കുന്ന
ഓരോ വെടിശബ്ദവും പെറുക്കിയെടുത്ത്,
ഞങ്ങൾ കാത്തിരിയ്ക്കുകയാണ്.

ശ്രീകോവിലിലെ എണ്ണയും വെളിച്ചവും കൊണ്ട്
ഈ പെണ്ണിനൊരു തീയുടുപ്പ് തുന്നാൻ.
ഞങ്ങളെ ചേർത്തുവയ്ക്കുന്ന പാലങ്ങളിൽ
അന്തിവിളക്ക് തെളിയിയ്ക്കാൻ.

...തനിയെ ജീവിക്കുക എന്നതിനേക്കാൾ ബുദ്ധിമുട്ടാണ്, മറ്റൊരാളെ നമ്മെയോർക്കാതെ ജീവിക്കുവാൻ വിടുക എന്നത്.

# 11

## അവളിരുട്ട്

അവൾ അല്ലെങ്കിൽ ഇരുട്ട്,
ഇടനാഴി നീളെ തളർന്നു കിടക്കുന്നു.
ഒന്നനങ്ങാൻ പോലുമാകാതെ,
ആകെ കനത്ത് മരവിച്ച്.

രണ്ടുമൂന്നു റാന്തൽ വിളക്കുകൾ
ഭയപ്പെടുത്താതെ
ഒന്നു കണ്ണിറുക്കിക്കാട്ടി മാത്രം
കടന്നു പോയി.

ഒരു ടോർച്ചുവെട്ടം വന്നതും
അതിദയനീയമാം വിധം
ഇടത്തും വലത്തും തിരിച്ചവളെ
ഞെരിച്ച് ബലാത്സംഗം ചെയ്തതും
എത്ര പെട്ടെന്നായിരുന്നു

...സ്വയം തിങ്ങി നിറഞ്ഞ് കവിഞ്ഞു് പോകുന്നവരാണ് ഭ്രാന്തുള്ളവർ. അവരെ വളരെക്കുറച്ച് മാത്രം ആവിഷ്ക്കരിക്കാനേ ആ ശരീരത്തിന് കഴിയുന്നുണ്ടാകൂ.

# 12

## കാറ്റേ...

നിരതെറ്റിയ മരവേരുകൾക്ക് മുകളിലൂടെ,
വഴുക്കലിന്റെ മഴക്കാലങ്ങളിൽ തെന്നി,
ഇടതുർന്ന പിരിയൻ കമ്പുകൾക്കിടയിൽ
കുരുങ്ങിയാടുന്ന കാറ്റേ...

ഇലത്താളപ്പെരുക്കത്തിലും
പെരുമ്പറമുഴക്കത്തിലും പേടിച്ച്
പുറച്ചെറ്റയിലെ
കുറേ കവുങ്ങുവാരികൾ മുട്ടിടിച്ചിരിപ്പുണ്ട്.
ആകാശം വിട്ട ഓലക്കീറുകൾ,
അന്തിക്കുപ്പയ്ക്ക് കൂട്ടിരിക്കുന്നുമുണ്ട്.
നുറുമ്പിച്ച പോയെടോ ഞാനും പുരയും.

...വെളിച്ചമില്ലാത്തിടത്ത് വിളക്ക് കൊളുത്തുക .നമ്മളില്ലാത്തിടത്ത് നമ്മളെയും.

# 13

## ഉറുമ്പരിച്ച എരിവുകൾ

പവർ സർക്യൂട്ടിൽ ആത്മഹത്യ ചെയ്ത്
ഉറുമ്പ് സിസ്റ്റം ഓൺ ചെയ്തു.

കൊളുത്തിട്ട വാതിലും കടന്നെത്തുന്ന
പ്രേതസിനിമകളിലെ ആത്മാക്കളെപ്പോലെ,
പാസ്വേഡിട്ടു തുറക്കാതെ തന്നെ
ലാപ്പിലെ ഫയലുകളിലേയ്ക്ക്
ഉറുമ്പ് പരകായപ്രവേശം നടത്തി.

മധുരമുള്ള കുറേ ഗാനങ്ങൾ, ഗെയ്മുകളിൽ
അൺലോക്ക് ആകാതെ കിടക്കുന്ന
കുറേ തണുത്തിരുണ്ട പാതാളവഴികൾ,
ഉറുമ്പുകൾക്ക് പ്രിയമുള്ളേടങ്ങൾ.

പാതിരകളിൽ,
നിയമത്തോട്ട പോടാ പുല്ലേന്നും പറഞ്ഞ്,
ഞാൻ തുറക്കാറുള്ള,
എരിവും പുളിയുമുള്ള നീലസ്ഥലികളിലേയ്ക്കാണ്
നീങ്ങുന്ന മറ്റൊരുറുമ്പ്.

മോണിറ്ററിന്റെ മുഖത്ത്

...യുദ്ധത്തിന്റെ തീമേശയിലിരിക്കുമ്പോൾ നീയെനിക്കൊരു നാടൻ പാട്ട് പാടിത്തരിക. അച്ചിലിടാത്ത വാക്കിന്റെയരം കൊണ്ട് എന്നെയാകെ മുറിപ്പെടുത്തുക.

സാങ്കൽപ്പികവരകൾ കോറി
ഇർവ്വിൻ ഗാർവ്വിയുടെ
പാരാസൈക്കോളജി പുസ്തകത്തിന്റെ
പൈറേറ്റഡ് കോപ്പിയുള്ള ഫോൾഡറിലേയ്ക്ക്,
അവ മാർച്ച് ചെയ്യുന്നു.

പൂജ്യങ്ങളും ഒന്നുകളും ചേർത്തുവച്ച്
കൊത്തങ്കല്ല് കളിക്കാനിരിയ്ക്കവേ,
'മിൽഫ്'കളിൽ ഈഡിപ്പസ് കോമ്പ്ലക്സ് കണ്ട അവ,
പലതിന്റേയും, പുനർവ്വായന ആവശ്യപ്പെടുകയാണ്.

---

...ചില വഴികൾക്കൊരു സ്വഭാവമുണ്ട് ശരിയായതെന്ന് തോന്നിപ്പിച്ച് ഒപ്പം കൂട്ടി തിരിച്ചുവരാനാകാത്ത വിധം നഷ്ടപ്പെടുത്തുക!

# 14

## ഓസ്മോസിസ്

വെള്ളത്തിൽ കുതിർത്തെടുത്ത
ഒരു വസ്ത്രം പിഴിയുന്ന കണക്ക്
എന്റെ കണ്ണുകൾ പിഴിയുക.
നാളികേരക്കണ്ണിനു മുകളിലെ
ചകിരിയെന്ന പോലെ,
പീലികളെ പിഴുതുമാറ്റുക.
കൃഷ്ണമണിയുടെ കേന്ദ്രബിന്ദുവിൽനിന്നും
തലച്ചോറിലേയ്ക്കൊരു തുരങ്കമുണ്ടാക്കുക.
നിങ്ങളുടെ വായിലേയ്ക്കെന്റെ തല കമിഴ്ത്തുക.
കണ്ണിലൂടെ ഊർന്നിറങ്ങി വെളിച്ചപ്പെടുന്നവയെ
ഒരു തുള്ളി കളയാതെ കുടിച്ചൊടുക്കുക.

...ഋതുകാന്താരങ്ങളിൽ തിരിച്ചറിയപ്പെടാനാകാത്ത വിധം പിണഞ്ഞിരിക്കുന്ന ഒരു വേനലിനെയും വസന്തത്തെയും കാണുന്നു. മഴത്തുള്ളിക്കൾ ചിതറി വീഴുന്ന വേനൽത്തലപ്പിന്റെ മാറിൽ തല ചായ്ച്ച് ഗാഢശിശിരത്തേക്കാൾ തണുത്തുപറ്റി ചേർന്ന് നിൽക്കുന്ന വസന്തം നീയല്ലാതെ മറ്റാരാകാനാണ്

# 15

## സ്വപ്നപാചകം

പീടികയെക്കുറിച്ച്.

പാർട്ടി മീറ്റിംഗുകളിലെ
കട്ടൻചായയുടെയും പരിപ്പുവടയുടെയും
പറ്റുകേന്ദ്രമായിരുന്ന
കോളനിപ്പടി പടിഞ്ഞാറേതിരിവിലെ
ഹരിയേട്ടന്റെ ‘ലക്ഷ്മി ടീസ്റ്റാൾ’.

ഇന്ന് അതൊരു ആർക്കേഡാണ്.
പേര് ‘ഡ്രീംസ്’.
കട്ടൻചായയ്ക്കു പകരം സ്വപ്നങ്ങളും
പരിപ്പുവടയ്ക്കുപകരം പ്രതീക്ഷകളുമാണ്
അവിടെയിപ്പോൾ കച്ചവടം.
മിനുറ്റിനു മുന്നൂറു രൂപാ കൊടുത്താൽ
ഏതുസ്വപ്നവും കാണാമത്രേ.

സ്വപ്നം പാകം ചെയ്യേണ്ട വിധം.
സന്തോഷത്തിനും സങ്കടത്തിനും
കാമത്തിനും കവിതയ്ക്കുമെല്ലാം
ഓരോ പ്രോഗ്രാംകോഡുണ്ട്.

---

...വാക്കുകൾ കൊണ്ട് പാകം ചെയ്ത അത്താഴമൂട്ടാൻ നീയെങ്കിലുമുണ്ടാകുമല്ലോ രാത്രി മുഴുവൻ നിന്റെ മടിയിൽ തല ചായ്ച്ച്, കണ്ണുതുറന്ന് ആകാശവും നക്ഷത്രച്ചിരി വിരിയുന്ന നിന്റെ ചുണ്ടുകളും പാളി നോക്കി ഓരോ വറ്റും പരസ്പരം ചുണ്ടുകളിൽ വച്ച് നുണഞ്ഞ്, അവസാനിക്കാത്ത ഓർമ്മശില്പങ്ങൾ കൊത്തിവയ്ക്കാം.

ഒരുതവി ഓട്സിൽ കോഡു കുഴച്ചുണ്ണുക.
സ്വപ്നഗോളമെന്നുപേരിട്ട ചില്ലുകൂട്ടിലിരിയ്ക്കുക.
ബാഹ്യ ചിന്തകൾ
ചില്ലുമതിലിൽ തട്ടി തെറിച്ചു പോവുകയോ
മുറിഞ്ഞുചാവുകയോ ചെയ്യും.
കാശു കൊടുത്ത് ഭ്രാന്തനാവുക തന്നെ.

കണക്കും കൺകൂഷനും.

മാസാന്ത്യരജിസ്റ്ററിൽ
986 വിദ്യാർത്ഥികൾ 394 എഞ്ചിനീയേഴ്സ്
472 ഡോക്ടേഴ്സ് 13 കൂലിപ്പണിക്കാർ
എന്ന് തിട്ടപ്പെടുത്തിയിരുന്നു.
അക്കൗണ്ട്സ് നോക്കാൻ വന്ന
ചാർട്ടേഡ് അക്കൗണ്ടന്റ് പയ്യൻ പറഞ്ഞു,
'സ്റ്റുഡന്റ്സും ടെക്കീസും മെഡിക്കോസും ഇപ്പ
കമ്മ്യൂണിസ്റ്റാവണുണ്ടല്ല ഗഡ്യേ'.

സ്വപ്നം കാണുന്നവർ കമ്മ്യൂണിസ്റ്റുകാരാണെന്നോ
കമ്മ്യൂണിസ്റ്റുകാർ സ്വപ്നം കാണുന്നവരാണെന്നോ
ഉള്ള ഒരു പൊതുധാരണ
എങ്ങിനെയോ ശക്തിപ്പെടുന്നുണ്ട്.

...നിങ്ങൾ ഒരു മരത്തോളം നിർവ്വികാരനാണ് ."ഇലകളിൽ കാറ്റിനെ ചുഴറ്റിയെടുക്കുന്ന മരങ്ങളെ നീ കണ്ടിട്ടുണ്ടോ? വർഷങ്ങൾക്കപ്പുറം കാണുന്ന കാമുകിയിലെന്നത് പോലെ കാറ്റിലേയ്ക്ക് നൂഴ്ന്നിറങ്ങുന്ന ശിഖരങ്ങളെ?" എങ്കിൽ നിങ്ങൾ വെറുമൊരു കല്ലിനെപ്പോലെ നിർവ്വികാരനാണ്. "പശ്ചിമഘട്ടത്തിന്റെ പൂർവ്വശിഖരങ്ങളോ, ഡക്കാൺ പീഠഭൂമിയിലെ മണൽക്കൽച്ചീളുകളോ നീ ഇതുവരെ കണ്ടിട്ടില്ല. ഒരു തുള്ളി മഴയ്ക്കുവേണ്ടി കണ്ണു പുകഞ്ഞ് കാത്തിരിക്കുന്ന, ഉള്ളു വെന്തു ചുവന്നു പോയ പർവ്വതശേഷിപ്പുകൾ മനുഷ്യർ പകുത്തുകൊണ്ടു പോയ പാതിയെ കാത്ത് മുറിവിലൂടിപ്പൊഴും കന്മദമൊഴുക്കുവോർ . വികാരങ്ങളില്ലാത്ത കല്ലുകൾ പോലും!" നിങ്ങൾ മനുഷ്യനെപ്പോലെ നിർവ്വികാരനാണെന്നെനിക്ക് ഇപ്പോൾ ബോധ്യപ്പെടുന്നു. ചില പ്രസ്താവനകൾക്ക് ഉത്തരമില്ലാതെ ഞാനും പകച്ചു പോകാറുണ്ട്.

# 16

## നവോത്ഥാനം

കാണുന്നോ സതീർത്ഥ്യരേ, ആകാശക്കിഴക്കിലേ
മേഘങ്ങൾ തുളച്ചെത്തും ആഗ്നേയ ഞെരുക്കങ്ങൾ.
അർക്കനല്ലിതു കാലം കൊളുത്തും വിളക്കല്ല
കത്തുന്ന വയറ്റിലേ, വിശപ്പിന്നാളലത്രേ.

ആകാശയാനങ്ങളിൽ, മാൻപെഴും ഹർമ്മ്യങ്ങളിൽ,
നഗര സന്യാസത്തിൻ പീതതാപസന്മാരിൽ
കാണുകില്ലന്നം തീണ്ടാ-തണയുന്നുടലുകൾ
കേൾക്കുകില്ലന്നം തെറ്റി തെറിയ്ക്കുന്നാക്രന്ദനം.

ഉയന്ന വൃക്ഷങ്ങളിൽ, കാഴ്ചകളുടക്കുന്നൂ,
ഉടഞ്ഞ സ്വപ്നങ്ങളിൽ, കാൽതട്ടി മുറിയുന്നൂ.
വെളിപാടിൽ പുളയും കോമരപ്പിറവികൾ
തെളിയ്ക്കും വഴി പോകുന്നോരിന്നിൻ സിംഹഭാഗം.

നിങ്ങളെച്ചികയുക, പൊടി ത്തട്ടിയെഴുന്നേൽക്ക,
മുന്നേറ്റ വീഥികളിൽ, ഇരുട്ടെങ്ങാരായുക.
ലിഖിതപ്രമാണങ്ങൾ, ഉയരും പ്രസ്താവ്യങ്ങൾ,
തിട്ടമേ തെറ്റാണവ റദ്ദു ചെയ്തു ചിന്തിയ്ക്കൂ.

ജ്വാലാഗ്രം പോലെ രക്ത വർണ്ണത്തിൽ തിളങ്ങുന്ന

...വാകച്ചുവപ്പുള്ള കുംഭമാസസന്ധ്യകൾക്ക് മഞ്ചാടി പോലെ മുഴുത്ത് തിണർത്ത ഭ്രാന്താണ്!

യുവതേ രാജാങ്കണം, സമര ദ്വീപാക്കുക.
സങ്കൽപ്പോദ്യാനം വിട്ട്, ഇരമ്പും കടലോളം
ഊക്കിൽ വന്നിടിയ്ക്കുക, കൊട്ടാരം തകർക്കുക.

കാണുന്നോ സതീർത്ഥ്യരേ, ആകാശക്കിഴക്കിലേ
മേഘങ്ങൾ തുളച്ചെത്തും ആഗ്നേയ ഞെരുക്കങ്ങൾ.
അർക്കനല്ലിതു കാലം കൊളുത്തും വിളക്കല്ല
ഉണർവിന്നുൽക്കയായി പതിയ്ക്കും യുവജ്വാല.

…ഞാൻ വെറുമൊരു അടയാളം മാത്രമാണ്. ഇതിലേ കടന്നു പോകുമ്പോൾ വഴിയിൽ വിലങ്ങു നിൽക്കാതെ, നിങ്ങളുടെ ഇഷ്ടങ്ങളേയും നഷ്ടങ്ങളെയും ഓർമ്മപ്പെടുത്താൻ വിധിക്കപ്പെട്ട അബദ്ധജന്മം!

# 17

## പൊക്കിൾക്കൊടി

വെളിച്ചം പിറക്കുംമുൻപ്
വായുവിൽ കുളിയ്ക്കുംമുൻപ്
ഒറ്റമരത്തിന്റെ കെട്ടിൽ,
ജൈവായനങ്ങൾ പിണഞ്ഞുകിടന്നു.

ഗർഭപാത്രത്തിലേയ്ക്കോടുന്ന
ഒരുപറ്റം വേരുകൾ.
ആർത്തവക്കിടങ്ങു മീതെ,
ലംബവളർച്ചയെന്ന മാമൂലു തകർത്ത്,
തിരശ്ചീനവും വക്രവുമായ വളർച്ചകളെ
ഉൾച്ചേർത്തുകൊണ്ട്,
മരം ഒരു പാലമാകുന്നു.

പിന്നീട്,
പുഴയുടെയും കരയുടെയും
ഭോഗമൂർച്ഛയിൽപിറന്ന പുതുതുരുത്തിനെ
കരയോട് ചേർക്കുന്ന
ആകാശത്തിലേയ്ക്ക് ചിറക് വിരിയ്ക്കുന്ന
പുഷ്പകവിമാനമാകുന്നു.

ചിലപ്പോൾ അൻപത്തിയാറുദിവസം,

...ചിലപ്പോൾ നാം നിറങ്ങളോളം നിലച്ചു പോകും. മരവിപ്പിന്റെ ഒറ്റാന്നിറം!

ചിലപ്പോൾ പത്തുമാസം,
അവിരാമമായ കയറ്റിറക്കങ്ങളിലൂടെ
അന്ന-സന്ദേശങ്ങളും,
ജനിതകപിരിയേണികളും.

കാലാവധിയ്ക്കൊടുവിൽ
ഓപ്പറേഷൻ തിയറ്ററിനകത്ത്
കത്തിമുനയിൽ ഒറ്റമാരം കൊല്ലപ്പെടുന്നു.

പാലം തകരുന്നു.
വിമാനച്ചിറകൊടിയുന്നു.
കയറേണി പൊട്ടുന്നു.
തുരുത്തുകൾ ആകാശങ്ങളിലേയ്ക്ക്
നിർബാധം പറന്നകലുന്നു.
അമ്മക്കരകളും അച്ഛൻപുഴകളും
നിലയ്ക്കാത്ത കണ്ണീരൊഴുക്കുകളാകുന്നു.

...പരസ്പരം മുഖം തിരിഞ്ഞ് നടന്നകന്നതാണ് ദൂരങ്ങളൊരുപാട് കഴിഞ്ഞപ്പോൾ അറിയാതെ തന്നെ മുഖത്തോട് മുഖം നാം അടുത്തു വരുന്നു! ഭൂമി 'ഇഷ്ടം' കുഴച്ചു പണിതൊരു ഗോളം തന്നെ കൂട്ടുകാരീ!

# 18

## ഇവ ഈയലുകളല്ല

അരിച്ചരിച്ച് നീങ്ങുന്ന ചിറകുള്ള ഉറുമ്പുകൾ,
ഉറുമ്പുതീനികളുടെ ഭക്ഷ്യാവശിഷ്ടങ്ങളാണ്.
ചപ്പിക്കടഞ്ഞ കൈകൾ
ചിറകുകളായി, വിട്ടു വിട്ടില്ലെന്ന മട്ടിൽ
ഉറുമ്പുടലിൽ അള്ളിപ്പിടിച്ച്
കള്ളുകുടിയന്മാരെപ്പോലെ
വായുവിനെ വകഞ്ഞുമാറ്റുന്നു.

പുസ്തകത്താളിടയിൽ,
ശവംകൊണ്ട് ചിത്രം വരയ്ക്കാറുള്ള,
ബ്ലീച്ച് ചെയ്യപ്പെട്ട തുമ്പികളുടെ,
പ്രോട്ടോടൈപ്പ് ആയി,
ചില ചിറകുള്ള ഉറുമ്പുകളെ കാണാം.

വിളക്കുവെയിൽ ഇരവ് വാഴുന്ന,
നഗരവീഥികൾക്കന്യരല്ലാത്ത തെരുവ് ജീവികളാണ്,
വികാരാവേശിതരായ ചിറകുറുമ്പുകൾ;
ഇരുളും തിളക്കവും തേടുന്ന
ലിപ്സ്റ്റിക് കൊണ്ടലങ്കരിച്ച തടിച്ച ചുണ്ടുള്ളവ,
വെളിവും മിനുപ്പും തേടുന്ന ക്രോപ്പ് ചെയ്ത മുടിയുള്ളവ,
തലയെടുപ്പൊടിച്ചു മടക്കി, കുന്തിച്ചിരിയ്ക്കുന്നവ.

...ഓർമ്മയുള്ള കടലാസുകളുണ്ടാകുമോ? നിന്റെ വിരൽപ്പാടുകളും ചിരിയും മുഖത്ത് ചേർത്തുവച്ച ഉറക്കവും ഓർത്തുവച്ച് എന്നോട് പറഞ്ഞുതരുന്ന പുസ്തകത്താളുകൾ!

ചിറകുറുമ്പുകൾ,
ഭോജനശാലയിലെ തീൻമേശയ്ക്കു മുകളിലേയ്ക്കും
വശങ്ങളിലെ ഇരിപ്പിടങ്ങളിലേയ്ക്കും ചുരുങ്ങുന്നു.

# 19

## തീ

ആറുവാൻ ഒരുനിമിഷമിടകൊടുക്കാതെന്നിൽ
അറിവുണ്ട നാൾ മുതൽ കാക്കുന്ന തീയുണ്ട്.
സർഗ്ഗദീപ്തിയ്ക്കുള്ള കത്തിച്ചുകായുമ്പോൾ
കാഴ്ചയ്ക്കു വെളിവിന്റെ വെട്ടമേകുന്ന തീ.

നിളനിലാവിൽ നീട്ടുമിരുൾനാവ് ചൂഴ്ന്നെടു-
ത്താഞ്ഞുവീശുന്നവരഗ്നിപ്പടർച്ചയിൽ.
വെള്ളം വിഴുങ്ങിപ്പെരുക്കുവാനിന്നിന്റെ
വാഴ്വിന്റെ മൂശയിൽ വാർത്തതാണെന്റെ തീ.

കരിതിന്നുകതിനയിൽ കത്തിപ്പിടയ്ക്കുന്ന,
ക്ഷണികാഗ്നിനാളമല്ലിതു വിശ്വദീപ്തി.
കനിവിന്നിളം തണ്ടിലൊരുമതന്നൂറ്റമായ്
അനുജന്റെ കണ്ണുനീർ ബാഷ്പമാക്കുന്ന തീ.

ഇടതൂർന്നകാടിന്റെയുൾ പിളർത്തിപ്പാഞ്ഞ്
അമ്പുകളൂന്നത്തിലുരസിപ്പടച്ച തീ.
അക്ഷരസ്വപ്നം പിഴിഞ്ഞൊഴിച്ചൊരുളുവൽ
കടലാസുകത്തിച്ച വിജ്ഞാനത്തീക്കടൽ.

നെഞ്ചൂക്കാൽ തോക്കിന്റെ പാത്തിപിളർത്തിയ

...ആയിരങ്ങളുടെ മനസ്സിൽ ആദരിക്കപ്പെടുക എന്നതല്ല, ആ ഒറ്റയാളുടെ മനസ്സിൽ അടയാളപ്പെടുക എന്നതാണ് എളുപ്പമല്ലാത്തത്.

ആശയക്കോട്ടയുലയ്ക്കാതെ കാത്ത തീ.
വിരിയുന്ന ചെങ്കൊടിച്ചോപ്പിന്റെ കീഴിലായ്
യുവചിന്തയാവേശജ്വാലയാക്കുന്ന തീ.

അറിവിന്റെ, നെറിവിന്റെ, നിറസമത്വത്തിന്റെ
തെളിയുന്ന നാളിന്റെയാളുന്ന തീ...
അറിവിന്റെ, നെറിവിന്റെ, നിറസമത്വത്തിന്റെ
തെളിയുന്ന നാളിന്റെയാളുന്ന തീ...

...ചെറുതുഴത്തലോടലും, ഒരുതോണിച്ചുംബനവും കൊതിച്ച് പാലത്തിന്റെ തൂൺപാദങ്ങളിൽ ഏങ്ങലടിച്ചൊരു പുഴ.

# 20

## ജഡത്വത്തിന്റെ തനത് പകർപ്പുകൾ

ചില ചിത്രങ്ങളിൽ കാണാം,
ആളുകളുടെ പുറകിൽ പുഞ്ചിരിച്ച്,
ആർത്തുകരഞ്ഞ്,
നിസ്സംഗതയുടെ പരകോടിയിൽ നിന്ന്,
പുരാണം ഉരുക്കഴിയ്ക്കുന്ന പ്രൗഢഗംഭീരശില്പങ്ങൾ.

അരികുപൊടിഞ്ഞ മണൽക്കല്ലിലൂടെ
ചരിത്രം ഊതിപ്പറപ്പിയ്ക്കുന്ന,
ഭാവനയ്ക്ക് അതിരുകുറ്റി കൽപ്പിച്ചിരുന്ന
രാജാങ്കണങ്ങൾ.

ചിലപ്പോഴാകട്ടെ
തലയിലെ അലങ്കാരത്തൊപ്പിയ്ക്കും,
അരികിലോ അകത്തോ ഉള്ള വിഖ്യാത പ്രതിഭയ്ക്കും,
ധരിച്ച വേഷവിശേഷത്തിനുമാകും പ്രാധാന്യം.

ചിലപ്പോൾ, പരീക്ഷാഹാൾടിക്കറ്റിലെ
3.5 × 4.5 cm ചതുരക്കളത്തിൽ
വരാനിരിയ്ക്കുന്ന അക്ഷരാങ്കമോർത്ത്
ഭയന്ന് വിറച്ചിരിയ്ക്കും.

മറ്റൊരിയ്ക്കൽ

പറിച്ചുനടലിന്റെ മുദ്ര പതിയാൻ
വേദനയിരമ്പുന്ന അറുത്തതലയായി പാസ്പോർട്ടിൽ.
അല്ലെങ്കിൽ
സോഷ്യൽ നെറ്റ് വർക്കുകളിൽ,
മെയിൽ ഇൻബോക്സുകളിൽ.

ഒരിക്കൽ പോലും
തനത് പകർപ്പെടുക്കപ്പെടാതെ,
ഒടുക്കം ചരമപേജിലെ
$1'' \times 2''$ കോളത്തിൽ.

---

. . . ഒരു വാതിലെങ്കിലും വേണം, അകത്തുമാത്രം ഓടാമ്പലുള്ളത്. നമുക്ക് മാത്രം തുറന്ന്, നമ്മെ പറത്തിവിടാൻ.

# 21

## നിർമ്മാണത്തൊഴിലാളികൾ

എന്തുകൊണ്ടാണ് നിങ്ങൾ അങ്ങനെ പറയുന്നത്?
ഞങ്ങളുടെ ജീവിതം ഞങ്ങളല്ലാതെ മറ്റാരുപറയാനാണ്?
പത്തായിരത്തഞ്ഞൂറു കിലോമീറ്റർ ദൂരെ,
പച്ചവെള്ളം കിട്ടാത്ത തരിശുഭൂമിയിൽ
രാവുപകലില്ലാതെ ഞങ്ങൾ അലയുന്നു.
തലമുടിക്ക്
കൊട്ടും ചൂടിലുരുകിയ പ്ലാസ്റ്റിക് ഗന്ധം.
തൊലിപ്പുറത്ത്,
ചുവപ്പും കറുപ്പും രാശിയിൽ ചെതുമ്പലുകൾ,
കാലിൽ, സ്റ്റീലുറപ്പിച്ച
സേഫ്റ്റി ബൂട്ടുകളിരുന്ന തഴമ്പ്.
മേനിക്ക്,
വെയിലു കൊളുത്തിവലിച്ച
ഗ്ലോസി ജാക്കറ്റിന്റെ തിളക്കം.

ഭൂമിയുടെ നിരപ്പില്ലാത്ത അടരുകളിൽ
ആശുപത്രിയിലേക്കിറങ്ങാൻ ഇടവഴികൾ മാത്രമുള്ള ഊരുകളിൽ,
കലക്കവെള്ളം കുടിക്കുന്ന ആളുകളുടെ ഗ്രാമങ്ങളിൽ,
വൈദ്യുതിയെത്താത്ത മലമേടുകളുടെ നിറുകയിൽ,
കടലിടിച്ചുകയറാറുള്ള മുക്കുവക്കുടികളിൽ,
ഞങ്ങൾ വരാറുണ്ട്.

...നീ ബാധിച്ചത്രയെന്നെ ആരും ബാധിച്ചിട്ടേയില്ല. നിന്നിൽ മറന്നിട്ടയത്രയെന്നെ എനിക്കെങ്ങും നഷ്ടമായിട്ടേയില്ല.

ഓർമ്മയിൽ ഇടമില്ലാത്തവർ
ജീവിതം മാറ്റുന്നതെങ്ങിനെയെന്നു കാണിച്ച്
അപ്രത്യക്ഷരാകാറുമുണ്ട്.

സർക്കാർകരാറിൽ
പണിയെടുക്കുന്നവരാണ് ഞങ്ങൾ.
അറച്ചിട്ടാണെന്ന് തോന്നുന്നു,
സർക്കാരിൽ നിന്ന് ഒരാളു പോലും
പരിശോധനക്കോ പരിദേവനത്തിനോ ഇവിടെവരാറില്ല.
മൂന്നുനാലു കൊല്ലം
ചോരയിൽ സിമന്റ് കുഴച്ച്
മാംസത്തുണ്ടുകളും മെറ്റലും കലർത്തി,
എല്ലും കമ്പിയും ചേർത്ത്
ഞങ്ങളെ വച്ച്, ഞങ്ങളിത് പണിഞ്ഞിടുന്നു.
താക്കോലു കൈമാറി പിരിഞ്ഞു കഴിയുമ്പോൾ
ഞങ്ങളിലൊരാൾ കൊത്തിയ ശിലാഫലകവും
തുല്യം ചാർത്തുന്നു.
ഓർമ്മകളിൽ നിന്നൊഴിഞ്ഞ് മാറി
ഞങ്ങൾ പതിയെ അടർന്നു വീഴുന്നു.
അടുത്ത വസന്തമുണരുന്ന ഉദ്യാനങ്ങൾ എവിടെയാണ്,
ഓർമ്മയുടെ പൂമ്പൊടികൾ പോലും ഉറഞ്ഞു പോകുന്ന
ശിശിരം എവിടെയാണ്.
അല്ല,
ഞങ്ങളെപ്പറ്റി ഞങ്ങളെങ്കിലും പറയാതിരുന്നാലോ?

...നിരതെറ്റിയ മരക്കൂട്ടങ്ങൾക്കിടെ കുരുങ്ങി, ഇലകളുടെയും ശിഖരങ്ങളുടെയും താഡനമേറ്റ് മരിച്ചു പോയ കാറ്റാണ് ഞാൻ. പുനർജ്ജനിച്ചത്, കാട്ടു പൂത്ത കാലത്ത് അതിന്റെ ഗന്ധമായും!

# 22

## നഗരപാത

പച്ച സിഗ്നൽ ലൈറ്റിനു പകരം
പെരുമഴ പെയ്യുന്നിടമാകണം നഗരം.
നനഞ്ഞുകുളിച്ച്
വാഹനം പായിച്ച് പോകുന്ന മഴമോഹികൾ.

ചുവന്ന ലൈറ്റിനു പകരമാകട്ടെ,
ചുറ്റുമൊട്ടാകെ,
യാത്രികന്റെ കൺപീലിയിൽ പോലും
വസന്തം വരികയും പുഷ്പങ്ങൾ വിടരുകയും വേണം.
അയാൾ കണ്ണിമയ്ക്കാതെ പൂത്ത്,
നിന്നിടത്ത് നിലച്ചുപോകും.

മഞ്ഞ വെളിച്ചം വരേണ്ടിടത്ത്
നിങ്ങൾ കവിതകൾ ഉറക്കെ പാടൂ,
മുദ്രാവാക്യങ്ങൾ ഉറക്കെയുറക്കെ മുഴക്കൂ
കാണുന്നില്ലേ,
വാഹനങ്ങൾ പതുക്കെയാകുന്നത്?
എല്ലാവരുടെയും കാതു കൂർക്കുന്നത്?
ഞരമ്പുകൾ തിണർത്ത് പൊന്തുന്നത്

...ചില്ലുകഷണങ്ങളെപ്പോലെ ചിതറിയ ഓർമ്മകൾക്കു നടുവിൽ,രക്തം വാർന്നു കിടക്കുന്ന മനസ്സിനെ ആരിടിച്ചിട്ടതാണ്?

## 23

## റിവേഴ്സ് എഞ്ചിനീയറിംഗ്*

ഡെയ്സി മുതൽ പുറകോട്ട്
സകല കൊറിയൻ ഫിലിംസും എടുത്തു.
ജിബ്രാൻ മുതലിങ്ങോട്ട് ടി പി രാജീവൻ വരെ
കവിതകൾ റാക്കിൽ അടുക്കി വച്ചു.
ഒരു പ്രണയജോഡിയെ
റൊമാന്റിക് ആയി കൊന്ന്
(പാണ്ഡു മാനിനെ, The very same story)
ഫ്രീസറിൽ ഒരുക്കി വച്ചു.

ഇവരിരുവർ,
ഹൃദയത്തിൽ നിന്നും ഹൃദയത്തിലേക്ക് നട്ട
(നാഭിയിൽ നിന്നും നാഭിയിലേക്ക് നട്ടതും ആകാം)
ചുവന്നോക്കിന്റെ ശാഖകളെവിടെ?
വിരലുകൾക്കിടയിൽ പടർന്നെന്നു പറഞ്ഞ
ശതാവരിമുള്ളുകളും പറ്റുവേരുകളുമെവിടെ?
കാലുകളിൽ നഖമടർന്നിടത്ത്
ഒരു ഉമ്മയുടെ പാടെങ്കിലും?
എന്താകട്ടെ,
അടർന്നൊരു ചെമ്പനീർ ദലം യോനീമുഖത്ത്?
ഒന്നുമില്ല.

---

* റിവേഴ്സ് എഞ്ചിനീയറിംഗ്: യന്ത്രഭാഗങ്ങൾ (അതോ മറ്റെന്തുമോ) അഴിച്ച് അത് നിർമ്മിക്കാനുപയോഗിച്ച തത്വങ്ങളും തന്ത്രങ്ങളും അതിവിദഗ്ദമായി കണ്ടെത്തുന്ന സാങ്കേതികവിദ്യ.

...ഉന്നം വച്ചവനും വീണമാമ്പഴത്തിനുമിടയിൽ ഏറുകല്ലുകൾ മാത്രമാകുന്നവരുണ്ട്.

Sir, Stage one was a failure.
വിരലുകൾ തലച്ചോറിനെ ബോധ്യപ്പെടുത്തി, ഒപ്പു കുത്തി.

ജിബ്രാന്റെ ഉറ കുത്തിയ ഉദാത്ത രക്തകലഹങ്ങൾക്ക്
ഇരട്ടവാലൻ ഭൂപടം അതിരുകൾ വരഞ്ഞിട്ടു.
സ്വപ്നം, വഴി, ഉറക്കം, ശതകം, ശാസ്ത്രം
ഇതിലെല്ലാം തിരഞ്ഞിട്ടും പ്രണയം കിട്ടിയില്ല.

Sir, Stage two too…

ഹയ് യൂങ്ങ്,
മുപ്പത് വെള്ളിക്കാശിനു ചിത്രങ്ങൾ വരഞ്ഞ
എന്റെ ഡെയ്സി പുഷ്പങ്ങളുടെ കാമുകി.
നിന്നെ മാത്രമായിരുന്നു തിരഞ്ഞത്,
നിന്റെ കളഞ്ഞുപോയ ശബ്ദം തന്നെയായിരുന്നു
തേളുകുത്തിയ ഓർമ്മനീലയിൽ നിന്നു
പിഴിഞ്ഞെടുക്കാൻ പാടുപെട്ടത്.
വീഞ്ഞിന്റെ എരികഴുത്തിനും വേവുകരളിനുമൊപ്പം
കവിളുകളിൽ ഉഴഞ്ഞ് തിരഞ്ഞതാകെയും
നിന്റെ രുചിയായിരുന്നു.

വിരലുകൾ കൈയിൽ നിന്നും ആവതുകുതറി
ആവേശത്തോടെ എഴുതി.
Yes Sir,
Finally, we are done with that.
നാം പ്രണയം കണ്ടെത്തി.

…അടുപ്പം കുറയുന്തോറും ഫോൺബുക്കിലെ പേരിന് വലിപ്പം കൂടുന്നു.

# 24

## പാസ്കൽസ് വേജർ

ചിത്തരോഗാശുപത്രിപ്പൂവിൽ
തേൻ തിരഞ്ഞെത്തുന്ന ഏകാകി
ഭ്രാന്തൻ വണ്ട്.
പെൺപേരു കോറിയിട്ട കൈമോതിരം,
നെറ്റിയിൽ വിദ്വേഷം ചാലിട്ട ചുളിവുകൾ,
കൈയ്യിൽ പേനാത്തഴമ്പ്,
കണ്ണിൽ ചട്ടുകപ്പേടി.

ഇയാനോ നിതാഷീം,
അതാണത്രേ പെണ്ണിന്റെ പേര്.
ഴാങ്ങ് സിമെനോയുടെ ഭാര്യക്ക് ചേർന്ന പേര്.

നഖപ്പോടുകളിൽ മാലാഖമാർ ഒളിച്ചിരിപ്പുണ്ട്.
നിത്യേന ഒന്നെന്ന കണക്ക് പൊളിച്ചെടുത്ത്,
രക്തം കൊണ്ട് കഴുകിമിനുക്കി,
തിരഞ്ഞു നോക്കാറുണ്ട്,
മാലാഖക്കുഞ്ഞുങ്ങളുടെ തിളങ്ങുന്ന കണ്ണുകളെ.

ഗർഭപാത്രത്തിൽ സാത്താൻ പൊടിച്ചിട്ട
അശുദ്ധിയുടെ കാന്തകണികകൾ.
യോനീദളങ്ങൾ വകഞ്ഞുമാറ്റി,
ഇരുമ്പ് ദണ്ഡ് വച്ച്

---

...ആകാശവും ഭൂമിയും അല്ലാതെ രണ്ടുപേർക്കിടയിൽ ഒത്തുപോകുന്ന ഒന്നുമില്ല പൊതുവിൽ.

തിരഞ്ഞ് തിരഞ്ഞ് മടുത്തിരിക്കുന്നു.

മുലക്കണ്ണിൽ
ഏതോ ആഭിചാരകൻ കുടിയിരുത്തിയ
വിഷസർപ്പങ്ങൾ.
വിഷമായിരുന്നു,
നിലാവു ചായുമ്പോൾ കടച്ചീമ്പിയെടുത്തതും
തുപ്പിക്കളഞ്ഞതും.

തുടയെല്ലിലാരാണ്
നക്ഷത്ര ദേവകളെ കുടിയിരുത്തിയത്?
അതേപറ്റി ദിവ്യദൃഷ്ടിയിൽ
കണ്ടില്ലായിരുന്നെങ്കിൽ,
നിതാഷീമിന്റെ മൂത്രക്കുമ്മലിൽ,
ആർത്തവരക്തത്തിൽ,
കുളിച്ചേക്കുമായിരുന്ന എന്റെ ദേവകളെ
തുടകീറി രക്ഷിക്കാനാകുമായിരുന്നോ!
ഓർക്കാൻ കൂടി വയ്യ കർത്താവേ...

ദൈവത്തെ തിരഞ്ഞും സാത്താനെ മെരുക്കിയും
ഈ പച്ചമേനിയിലിനി ഒന്നുമില്ല.
എത്രയെത്ര വിഷയങ്ങളാണ്
ഒരു ദൈവശാസ്ത്ര വിദ്യാർത്ഥിക്ക് പഠിക്കാനുള്ളത്!

...ഉന്തുവണ്ടികൾ കൊണ്ട് നിരത്ത് നിറഞ്ഞ ഗ്രാമമാണെന്റെ ഹൃദയം. എത്ര ആഞ്ഞു തള്ളിമാറ്റിയാലും പതിയെ നിരങ്ങി നീങ്ങുന്ന ഓർമ്മയായി നീ ഇപ്പോഴും.

# 25
## ഓം

ഞാനൊരു വരമ്പാണ്,
മഴക്കുത്തിൽ മദിച്ചാടവേ ഇടിഞ്ഞുപോയ വരമ്പ്.

ഞാനൊരു അമ്പാണ്,
മേഘത്തിൽ തറച്ച് വരമ്പിന്റെ നിറുകന്തലയ്ക്ക്
കൃത്യമായി മഴ കുത്തിവീഴ്ത്തുന്ന അമ്പ്.

ഞാൻ ആണ്,
ഏതോ മുനമ്പിൽ കടലുപ്പ് കരഞ്ഞിടത്ത്
ആണ്ടടൽ കൊളുത്തിയിട്ട ഞാൻ.

...ഒറ്റ നിറത്തിൽ, ഒരു ലീനിയർ ജീവിതം ആവിഷ്കരിക്കേണ്ടി വന്ന പേനകളാണ് നമ്മിൽ പലരും.

## 26

### തുടർനീതി

ഉലയരുതെന്ന് മുട്ടിന് മനസ്സിൽ കല്പിച്ചിട്ടും
കാറ്റത്ത് ആർത്തലക്കുന്നുണ്ട്
വേനൽ ക്രൂരമേഞ്ഞ, കൊന്നത്തലപ്പുകൾ.

കൂക്കിവിളിക്കാതിരിക്കെന്ന് പ്രാകിയെങ്കിലും
ചെമ്പൻമുടിക്കാരൻ പയ്യൻ
അമ്പലപ്പറമ്പിൽ കച്ചവടം തുടർന്നു.

നാറുന്നു, നാശമെന്നാക്രോശിച്ചാട്ടിയെന്നാകിലും
നിങ്ങളിൽ നിന്നല്പം മാറി,
വൃദ്ധ ഭിക്ഷയാചിക്കുന്നുണ്ടായിരുന്നു.

മറന്നുപോ എന്ന് തന്നത്താൻ കെറുവിച്ചെങ്കിലും
കൈയ്യുഴിഞ്ഞുപോയ സ്പർശങ്ങൾ
തിരപോലെ, തളരാതടിച്ച് തകരുന്നുണ്ട്.

ഇറക്കിവിട്ടിട്ടും മനസ്സിന്റെ ഉമ്മറത്ത്
പിന്തിരിഞ്ഞ് നിൽക്കുന്നുണ്ട്
പ്രിയരായ പലരും, നിലയ്ക്കാത്ത പലതും.

...മനുഷ്യർ മനുഷ്യരെ സ്നേഹിച്ചോ ദ്രോഹിച്ചോ നിരന്തരം തോൽപ്പിച്ചുകൊണ്ടിരിക്കുന്നു.

# 27

## ഉറക്കം എന്ന സംഭാവ്യതയെക്കുറിച്ച്

അകത്ത് ആളുകൾ
അതിവേഗം പായുന്ന ഉറക്കവണ്ടികളിലാണ്.
ചുമരുകളിൽനിന്നും ചുമരുകളിലേക്കും,
മേൽക്കൂരയിലേക്കും ചുറ്റിപ്പടർന്ന കയറുന്നുണ്ട്.
സഞ്ചാരങ്ങളുടെ കട്ടുംപാടുകൾ
അടർന്ന ചുമരലങ്കാരങ്ങളായി
വസൂരിക്കലപോലെ ശേഷിക്കുന്നു.

അറകളിലെ ഞരക്കങ്ങൾ
ഓരോ ചെറിയ ഇടകളിലൂടെയും നൂഴ്ന്നിറങ്ങി
തുറകളിലെ ഉറക്കങ്ങൾക്കുമീതെ കലഹിക്കുന്നു.
കാതിന്റെ മുൻപിൽ,
ഞാനാദ്യം ഞാനാദ്യം എന്നോരിയിട്ട്
അവ ഊഴംകാത്ത് കിടക്കുകയും
ചിലപ്പോൾ മരണപ്പെട്ടുകയും ചെയ്യുന്നു.

ചിലങ്കയൊട്ടിയ ഇളംകാൽവിടവുകളിലേക്കുള്ള
ഉറക്കവഴികളിൽ ഒരു മീശയുടെ കിരുകിരുപ്പ്.
ചോരച്ച കൺതുരുത്തുമേലുള്ള
പുരികപ്പടർപ്പിന്റെ കനത്തഗന്ധം.

---

...രാഗവും അനുരാഗവും തമ്മിൽ നേരിയ വ്യത്യാസമേയുള്ളൂ ഒന്ന് ആവർത്തനവും പാറ്റേൺസും കൊണ്ട് ഇമ്പമുള്ളതാവുമ്പോൾ മറ്റേത് അതേ കാരണത്താൽ ചങ്ക് തകർക്കുന്നു.

കടലു പോലെ ഉറക്കം ഒഴുകി വ്യാപിയ്ക്കുന്നു.
ആളുകൾ നിന്നിടത്ത് അതേപടി ഉറങ്ങിപ്പോകുന്നു.
ചിലപ്പോളൊക്കെ പിറന്നപടിയും.
നിരത്തുകളിൽ
എല്ലാ പ്രതിബന്ധങ്ങളും തകർത്ത് ഡ്രൈവർമാർ
കടലിലേയ്ക്ക് ഉറങ്ങിയൊഴുകുന്നു.
വെള്ളത്തിനു രുചി ഉപ്പും, നിറം ചുവപ്പുമാകുമപ്പോൾ.
തീവണ്ടികൾ നിലയ്ക്കാതെ ഉരുളുന്നു.
പാളംതെറ്റി മറിഞ്ഞതിനു ശേഷവും
മുരണ്ടുകൊണ്ടിരിയ്ക്കുന്നു.
ഓരോയന്ത്രവും, തിരിഞ്ഞുകൊണ്ടേയിരിയ്ക്കുന്നു.

ചുരുക്കത്തിൽ,
ജീവനുള്ളവമാത്രം ഉറക്കമുള്ളവയാവുകയും
ഉറക്കമുള്ളവമാത്രം ഉറങ്ങിപ്പോവുകയും ചെയ്യുന്നു.

സ്വപ്നങ്ങളിൽ അവർ
നിർത്തിയേടത്തുനിന്നും തുടരുന്നു.
ഒട്ടിച്ചേർന്നു നിന്നവർ ചുറ്റും കണ്ണോടിച്ച്,
ഒരുപാടുനേരമായെന്നു ധരിച്ച് ഞെട്ടിയകന്നു മാറുന്നു.

മുൻപിലെ ജനക്കൂട്ടം കണ്ട്
പതുക്കെയാകുന്നു വണ്ടിയോട്ടക്കാരൻ.
പറക്കുന്ന വിമാനത്തിന്റെ
ഉയരം ക്രമീകരിയ്ക്കുന്നു, വൈമാനികൻ.
ആണവനിലയത്തിൽ,
നിയന്ത്രിതസ്ഫോടനം ഉറപ്പുവരുത്തുന്നു, ശാസ്ത്രജ്ഞർ.

സ്വപ്നങ്ങളിൽ എല്ലാം നിയന്ത്രണാധീനമാണ്.
എല്ലാം സമാധാനപ്പെടലാണ്.
ലോകം സുന്ദരമായ നാളെകളിലേയ്ക്ക് പിറക്കുകയാണ്.
യഥാർത്ഥത്തിൽ
ഉറക്കം എന്ന സാമ്പ്രദായിക ലഹരി മൊത്തി,
മനുഷ്യരാഹിത്യത്തിന്റെ രഹസ്യഭൂമികയാവുകയാണ്.

തൽ തണലും തണുപ്പും.

# 28

## ഹർത്താൽ/മരണപ്പെടുന്നത്

അപ്രതീക്ഷിതമായൊരു ഹർത്താലിൽ
റദ്ദ് ചെയ്യപ്പെടുന്ന ഓർമ്മകൾ.
തലങ്ങും വിലങ്ങുമുള്ള ചിന്തകൾ
അർദ്ധോക്തിയിൽ അവസാനിയ്ക്കുന്നു.

"നീ ഒരു കരകാണാപ്പക്ഷിയാണ്" എന്ന ചിന്ത,
"നീ ഒരു കര" എന്ന
വിപരീതാർത്ഥമുള്ളിടത്ത്/വിശാലാർത്ഥമുള്ളിടത്ത്
കുത്തിയിരുന്ന് കിതയ്ക്കുന്നു.
കിതപ്പുപോലും നിശബ്ദമാണ്.
ഓർമ്മകളെ അകത്തേക്കെടുക്കുകയും
മറവികളെ പുറത്തേയ്ക്ക് തള്ളുകയും ചെയ്യുന്ന
ബൗദ്ധികോഛ്വാസങ്ങളും
നിശബ്ദമായി കിതയ്ക്കുന്നുണ്ട്.
താളാത്മകമായി നിലയ്ക്കുന്നൊരു കമ്പനം കണക്ക്
ശാന്തമാകുന്നു.

ഓവുചാലിന്റെ സഫലമാകാത്തൊരു സ്വപ്നമെന്നോണം
നിരത്തുകൾ സ്വച്ഛമായി,
രക്തച്ഛവയോ, ആഹാരാവശിഷ്ടങ്ങളോ,
വാഹനച്ചീറ്റലുകളോ

...മരത്തണൽമഴ പെയ്യുന്ന ഗ്രാമങ്ങളും, ആൾനിഴൽപ്പത നരയുന്ന നഗരങ്ങളും.

കെട്ടിനാറുന്ന പുകമൂടലോ ഇല്ലാതെ
കറു<u>ത്തു</u>കിടക്കുന്നു.
അതെ, ഞരമ്പുകൾ തന്നെ.

നാഡീതരംഗങ്ങൾ
വഴിനടുവിലെ തടവുകെട്ടിയ കല്ലുമൂർച്ചയിൽ തട്ടി വീണ്,
എണീറ്റുനടന്ന്, രക്തം വാർന്ന് കുഴഞ്ഞുവീഴുന്നു.

അനുകൂലികൾ തകർത്ത
കാഴ്ച-കേൾവി-സ്പർശം-സ്വാദ്-ഗന്ധം
അതാതിന്റെ ഉറവിടങ്ങളിലേയ്ക്ക്
തിരിച്ചുപോകാൻ ശ്രമിക്കുകയും
ഒന്നുഞരങ്ങിക്കൊണ്ട് അവസാനിയ്ക്കുകയും ചെയ്യുന്നു.
മരണപ്പെടലിലെ സമരക്കാഴ്ചകൾ

---

…ആളുകളെ, അവർ പറയുന്ന നുണകൾ പോലും തിരിച്ചറിയാൻ കഴിയുന്നത്ര ആഴത്തിൽ മനസ്സിലാക്കിക്കള യരുത്!

# 29

## യേശുവത്കരണത്തിന്റെ നക്ഷത്രനാളുകൾ — ദൃക്സാക്ഷി വിവരണം

(1)

മണ്ണെണ്ണക്കുപ്പിയിൽനിന്നും പെട്രോമാക്സിലേയ്ക്കും
സോഡിയം വേപ്പറിന്റെ മഞ്ഞത്തീയിലേയ്ക്കും
ഹൈമാസ്റ്റ് ലൈറ്റിന്റെ മിന്നൽച്ചുംബനങ്ങളിലേയ്ക്കും നടത്തിയ,
വെളിച്ചക്കൂടുതലും തെളിച്ചക്കുറവും
മാടമറുതകളുടെ ചീറിപ്പാച്ചിലുണ്ടാക്കിയ ട്രാഫിക്ക് ബ്ലോക്കുമുള്ള
അതിവേഗപ്രയാണമാണ് നഗരവത്കരണം.

(2)

വിലക്കപ്പെടാവുന്നത്ര നിയന്ത്രണരേഖകളുള്ള നഗരത്തിന്റെ
മുപ്പതാം കവാടത്തിൽ മൂന്നാമതാണയാൾ നിൽക്കുന്നത്.
തികച്ചും ശാന്തൻ.
വരിയിൽ രണ്ടാമനാകുമ്പോൾ
മേലാകെയുള്ള കറുത്ത വസ്ത്രം ആവാഹിയ്ക്കുന്ന
ഭീകരതയെ കുടഞ്ഞെറിയാൻ
തല ഇടത്തേയ്ക്കും വലത്തേയ്ക്കും വെട്ടിയ്ക്കുന്നു.
വരിയിലയാളിപ്പോൾ ഒന്നാമനും
കൈകൾ രണ്ടും വിടർത്തിപ്പിടിച്ച്
വാതിലുകളേക്കാൾ വലിയവനാണു ഞാനെന്ന്
സ്ഥാപിയ്ക്കുന്നവനുമാകുന്നു.

---

...കല്ലു ചൂഴ്ന്നെടുത്ത ശില്പങ്ങൾ ഉടഞ്ഞാൽ ഉണ്ടാകുന്നത് കൽത്തുണ്ടുകളാണ് ഇഷ്ടം കൊത്തിമിനുക്കിയ പ്രണയം തകർന്നാലുമുണ്ടാകുന്നത് ഇഷ്ടത്തുണ്ടുകളാണ്. ആരും കാണാതെ കീശയിലിട്ട്, എപ്പോൾ വേണമെങ്കിലും എടുത്തോമനിക്കാൻ പാകത്തിൽ ചെറുതായ രാഗശേഷിപ്പുകൾ!

കാവൽക്കാരെ,
ഇരു ദിശകളിലേയ്ക്കും ചവിട്ടിത്തെറിപ്പിച്ച്,
രണ്ട് കൈകളും, രണ്ടുകാലുകളും
വാതിലിന്റെ മൂലകളിലേയ്ക്ക് ചേർത്ത്പിടിച്ച്
തല ഉയർത്തിപ്പിടിച്ച് വാതിലിനു കുറുകെയയാൾ നിൽക്കുന്നു.
അയാളിൽ നിന്നും
പ്രകാശരേണുക്കൾ പരക്കാൻ തുടങ്ങുകയും
അയാളൊരു നക്ഷത്രമാവുകയും ചെയ്യുന്നു.

ഒന്ന്, രണ്ട്, മൂന്ന് എന്ന്
നഗരത്തിന്റെ മുപ്പത്തിമുക്കോടി കവാടങ്ങളിലും
ഓരോ മനുഷ്യനക്ഷത്രങ്ങളുണ്ടാകുന്നു.
മതിലുകൾ ആകാശത്തോളമുള്ളതിനാൽ,
ഗ്രാമങ്ങളിൽനിന്ന് നഗരങ്ങളിലേയ്ക്കും
തിരിച്ചുമുള്ള ഒഴുക്കുകൾ പരസ്പരം മരണപ്പെടുന്നുണ്ട്.

ഓരോ കവാടങ്ങളിൽനിന്നും നക്ഷത്രവാലുകൾ
മതിലരികത്തുകൂടി വളർന്നു നീളം വയ്ക്കുന്നു.
പരസ്പരം കൈകോർക്കുന്നു.
നഗരസീമ വെളിച്ചപ്പെടുകയാണ്.

നക്ഷത്രങ്ങൾ നഗരകേന്ദ്രത്തിലേയ്ക്ക്
യാത്ര തുടങ്ങിയിരിയ്ക്കുന്നു.
നഗരവാസികൾ വീർപ്പുമുട്ടി പുക ഛർദ്ദിയ്ക്കുന്നു.
നഗരം അനുനിമിഷം ചുരുങ്ങുകയും
ഏകബിന്ദുവായിത്തീരുകയും ചെയ്യുന്നു.

ഇപ്പോൾ ഗ്രാമങ്ങൾ മാത്രമാണുള്ളത്.
എല്ലാ ഇരുളിടങ്ങളും നക്ഷത്രവേഴ്ചയിൽ
ഗ്രാമക്കുഞ്ഞുങ്ങളെ പെറ്റിടുകയാണ്.

...നിന്നെയല്ല, നിന്നിലൂടെ വായിക്കാൻ പഠിച്ചപ്പോഴാണ് ഞാൻ പുസ്തകം അടച്ച് വച്ചത്.

# 30

## പുകയുന്നവ

പുകവലിയ്ക്കാനുള്ള ലഹരി
ഒരു മുറിവ് പോലെയാണ്.
ചുണ്ടുകളിൽനിന്നും ചുണ്ടുകളിലേയ്ക്ക് പറക്കുന്ന മുറിവ്.

അതിലെല്ലാം,
ചോരയൊപ്പുന്നകണക്കെ
ഉമിനീരൊപ്പി ഒരു സിഗരറ്റുകുറ്റി.

ഗർഭം ഭിക്ഷ കിട്ടിയ യാചകിയുടെ
പ്രസവത്തിനു തൊട്ടു മുൻപെന്നോണം,
ഉമിനീരൊപ്പിക്കനം വച്ച വായറ്റം
നിരത്തുവക്കിൽ എരിഞ്ഞുപുളയുന്നു,
ഏതോ കനത്ത കാലടിയിൽ നഴഞ്ഞ് കയറി
ചളിയിലേക്കാഴ്ന്ന് ശ്വാസം മുട്ടി മരിയ്ക്കുന്നു.
കെട്ട തീയും പെണ്ണും.

ചില്ലുകൊട്ടാരത്തിൽനിന്ന് ചുടലപ്പറമ്പിലെത്താൻ
നാലുവിരൽ ദൂരത്തിൽ എരിഞ്ഞുതീർന്നാൽ മതി.
നാലുനിമിഷം മതി.

ഇവിടെയും രണ്ടു പക്ഷമുണ്ട്,

...രണ്ടു വാക്കുകൾ ആലിംഗനം ചെയ്തു പുഞ്ചിരിച്ച് പിരിഞ്ഞു. ഇനിയൊരു വരിയിലും കണ്ടുമുട്ടാതിരിക്കാൻ അവർ രണ്ട് ഭാഷകളിലേയ്ക്ക് പലായനം ചെയ്തു.

കത്തിയുയരുന്ന പുകക്കാഴ്ചയിൽ കണ്ണു തിരിയാത്തവർ,
ഉള്ളിലെ പുകമറവുകൾ
അന്നനാളത്തിലൂടെ ഊറ്റിയെടുത്ത്
ഊതിപ്പറത്തുന്നവർ.
ഉരഞ്ഞ തൊണ്ടയുടെ ഗാംഭീര്യം,
ആഢ്യ(?)നിശ്വാസത്തിന്റെ കിതപ്പ്.

മെലിഞ്ഞുണങ്ങി കറുത്തുതിങ്ങിയ ചുണ്ടിൽനിന്നും
ചുമച്ചുതുപ്പിയൊരു കാജാ ബീഡി,
ലജ്ജയോടെ തലതാഴ്ത്തി.
പച്ചനൂലരക്കെട്ടിന്റെ ചന്തമഴിച്ച്
ഇലയും പുകയും മൊഴി ചൊല്ലി.

കൈകുട്ടിത്തിരുമ്മുന്ന പോലെ,
കടത്തിണ്ണയിൽ ഇലച്ചുരുളിന്റെ നേർത്ത കിരുകിരുപ്പ്,
കത്രികയുടെ കടകട ശബ്ദം, കാതിനിരുപുറം ബാക്കി.

ഉണങ്ങിയ ഓർമ്മകളെ വെട്ടിനുറുക്കി
തിരക്കിന്റെ മുറത്തിലിട്ടു വെരുകി,
വിളറിയ കടലാസിലോ,
സ്വർണ്ണനിറമുള്ള ഇലയിലോ പൊതിഞ്ഞ്
ചെമ്പട്ടുനൂലിന്നരപ്പട്ട കെട്ടി അഗ്നിശുദ്ധി ചെയ്യണം.
പുകവലിയ്ക്കുന്ന ലാഘവത്തോടെ,
ലഹരിശമനത്തിന്റെ സംതൃപ്തിയോടെ...

...ഒറ്റവരികൾ മാത്രം തലങ്ങും വിലങ്ങും പാഞ്ഞ്, പരസ്പരമറിയാത്ത വരികളുടെ നെയ്ത്തുപായായി മാറിയയാൾ.

# 31

## വെളിച്ചേറ്ററക്കം

ആകാശത്തിന്റെ അകിടിൽനിന്നും,
നേരം കറക്കിയെടുക്കുന്ന,
വെളിച്ചത്തിന്റെ വെളുത്ത പാലിഴകളിലൂടെ
ഒഴുകിയിറങ്ങിവരുന്ന, സഞ്ചാരികളുടേതാണ് ഈ വീട്.
അതുകൊണ്ട്,
നിഴലുകൾക്ക് മേലെ പ്രകാശം ചൊരിയാൻ
ഞങ്ങൾ ദീപങ്ങൾ നിരത്താറില്ല.
വെളിച്ചത്തിൽ കുളിച്ചുകയറിയവർക്ക്
ഇരുട്ടിലല്പം തുവർത്തിക്കറുക്കണമല്ലോ.

ഞങ്ങളുടെ മേനികൾക്ക് നിറങ്ങളില്ല.
ഒരു ചില്ലുകഷണത്തിലൂടെയെന്നപോലെ
വെളിച്ചം തുളച്ചേറിയിറങ്ങുന്നു.
ഞങ്ങൾ കാഴ്ചകളെ വെറുക്കുകയും
കാഴ്ചയില്ലായ്മയുടെ വെളിച്ചശേഷിപ്പുകളെ
വല്ലാതെ പ്രണയിക്കുകയും ചെയ്യുന്നു.

ഞങ്ങളുടെ ഘടികാരങ്ങൾക്ക്
വെളിച്ചം/ഇരുൾ പോലെയോ
പകൽ/രാത്രി പോലെയോ
യാതൊരു കെട്ടുകളുമില്ല.

...യൂട്ടാൻ പോലുവോ പുഷ്പങ്ങൾ കൊണ്ട്, നിന്റെ അധരങ്ങളിൽ പ്രണയം രചിക്കാൻ മൂവ്വായിരം വർഷങ്ങൾക്ക് ശേഷം ഒരു ബുദ്ധപൗർണമിയിൽ ഞാൻ വരും.

പ്രണയരസം നുകരുവോളം ഉണർന്നിരിയ്ക്കുകയും
പച്ചമേനിയുടെ ചൂരുവിടുന്തോറും ഉറങ്ങിപ്പോവുകയും ചെയ്യുന്നു.

ഓരോ അന്തിയാകുമ്പോഴും
ജീവരക്തത്തിന്റെ ചെമ്പനിഴകൾ
പടിഞ്ഞാറേയ്ക്കെറിഞ്ഞ് ഞങ്ങൾ യാത്രയാകുന്നു.
വെളിച്ച സഞ്ചാരികളുടെ മറുലോകപ്രവേശങ്ങൾ.

...വർണ്ണമികവിലും നിറമുറഞ്ഞുപോയ ചായപ്പേന, മഴ പെയ്തിട്ടും നനയാതെ പോയ മരച്ചുവടുകൾ, നമ്മളുണ്ടായിട്ടും ഇടയിലില്ലാതെ പോയ പ്രണയം. ആവിഷ്കരിക്കപ്പെടാത്ത അനുഭൂതികൾ അനവധിയാണ്.

# 32

## അമാൻഡാ ജോസിയുടെയും ജാരൻ

പുകമഞ്ഞിന്റെ പാളി,
ജനൽച്ചില്ലിൽതീർത്ത മങ്ങൽ,
ഒരു കണ്ണായി വളരുന്നത് കണ്ടത്
അമാൻഡാ ജോസിയാണ്.

ഓർമ്മയില്ലാത്തൊരു ലോകത്ത്
ഉറക്കം വിൽക്കാറുള്ള പുസ്തകശാലക്ക് പുറത്ത്
ഇടുങ്ങിയ മുറിയ്ക്കുള്ളിൽ, നെരിപ്പോടിന്റെ വെളിച്ചത്തിന്
ഇരുട്ടിനെ തളയ്ക്കാനാകാത്ത നട്ടപ്പാതിരായ്ക്ക്
ആത്മസമർപ്പണം ചെയ്ത് കിടക്കയായിരുന്ന ഞാനപ്പോൾ

കണ്ണ്,
പന്നിപ്പടക്കത്തിന്റെ വെളിച്ചത്തോടെയും ഒച്ചയോടെയും
പൊട്ടുന്നതു കണ്ടതും എന്റെ അമാൻഡാ ജോസി തന്നെ.
സ്ഫോടനങ്ങളിൽനിന്നും തീ തിന്ന്,
ഒന്നിനു പുറകെ ഒന്നായി തെളിയുന്ന വഴിവിളക്കുകൾ.
പന്തല്ലുക്കാരൻ ജോണിയുടെ വീടിനു മുന്നിലെ
ഇടവഴിയിലൂടെ വലത്തോട്ടു തിരിയുന്ന വെളിച്ചം,
കനോലി കനാലെത്തുന്നതോടെ
കുറേ മിന്നാമിനുങ്ങുകളും
മിനുങ്ങും മീനുകളുമായി മാറുന്നു.

...അല്ലെങ്കിലും, റാന്തലിനും വെളിച്ചത്തിനും ഇടയിൽ കൊല്ലപ്പെട്ട തീപ്പെട്ടിക്കമ്പുകളുടെ കണക്ക് ആരും എടുക്കാറില്ലല്ലോ!

കനാൽക്കരയിലെ, ജോസിയേട്ടന്റെ
(അതായത് അമാൻഡയുടെ കെട്ട്യോന്റെ) വീട്
ഒരു കനലായി പൊള്ളി വേവുന്നു.
രണ്ട് പെൺകുഞ്ഞുങ്ങളുടെ നാഭിയിൽ
ചുവന്ന തെരുവിന്റെ കണ്ണാടിമുഖം, ചുമലിൽ രതിനരകം.

അമാൻഡാ ജോസി,
എന്റെ മേനിച്ചൂടിൽനിന്നും
വിയർപ്പു പോലെ ഉരുകിയൊഴുകി മണ്ണോടു ചേർന്നു.

സായ്‌വ് കൊക്കയിലെ ആത്മഹത്യകൾക്കും,
പശ്ചാത്താപങ്ങൾക്കും, എന്റെ ചുവന്ന രാത്രികൾക്കും
അന്ത്യമില്ലാത്ത തുടർച്ചകൾ.

...നാഭിയിൽ ചുവന്ന് പൂത്ത് ഋതുമതിയായ സന്ധ്യയുടെ മൃദുശിഖരങ്ങളിലൊന്നിൽ രാത്രിയുടെ വിഷപ്പല്ല് താഴ്ന്ന, ശംഖുപുഷ്പം പോലെ നീലിച്ച് വിടർന്ന ഇരുട്ട് മൃത്യോന്മുഖമായ ശോകഗാനം ചുരത്തി.

# 33
## വിപ്ലവകാരി

രണ്ടുവരക്കോപ്പിയിൽ
വര മുട്ടി, തല മുഴച്ച അക്ഷരങ്ങൾ
നഷ്ടങ്ങളുടെ ഓർമ്മപ്പെടുത്തലാണ്.

രണ്ട് അതിരുകൾക്കപ്പുറം
വളരാതെപോയ യൗവ്വനത്തിന്റെ,
നാലു മൂലകൾക്കകം
നിലച്ചുപോയ കുറേ താടിക്കാരുടെ.
തേയ്ക്കാത്ത ചുമരടരിൽനിന്നും
പാറി മുഴങ്ങുന്ന ഒരു വേട്ടാളന്റെ,
പ്രതിഷേധത്തിനും
അനുശോചനത്തിനുമിടയ്ക്ക്
കൊടിയടയാളമായ
പിഞ്ഞിയ കടലാസുജീവിതങ്ങളുടെ.

...സന്ധ്യയുടെ വെന്ത് ചുവന്ന അടിവയറ്റിൽ നിന്നും നിലാക്കണ്ണുള്ള രാക്കിടാവ് പിറവിയെടുക്കുന്നു. വയറ്റാട്ടി ഈ കടലമ്മയല്ലാതെ മറ്റാരാണ്.

# 34

## ജിപ്സിപ്പുല്ല്

ഒരു പുൽക്കൊടി തുഷാരമായി
മറ്റൊന്നിന്റെ കണ്ണിലേയ്ക്കെപ്പോഴും
ഇറ്റിവീണുകൊണ്ടിരിയ്ക്കുന്നു.
കാഴ്ചയുടെ തണുപ്പായി
അവർ പ്രണയസല്ലാപം നടത്തുന്നു.
കാറ്റുവരുമ്പോൾ,
ഒരിടത്തേയ്ക്കവർ ഇറുകിപ്പുണർന്ന് ചായുന്നു.

അവന്റെ അമ്മ,
തോട്ടിറമ്പത്തൊരിയ്ക്കൽ
വലിയൊരു പുല്ലായിരുന്നു.
മേനിയാകെ നനഞ്ഞവൾ
വെള്ളത്തോടു കിന്നരിച്ചുകൊണ്ടിരിയ്ക്കേ,
മീൻകൊത്തിയെടുത്ത വിത്ത്
തോടിന്റെ ഗർഭത്തിൽനിന്നും
പറിച്ചെടുത്ത് കരയിൽ വച്ചത് ഒരു വേനലാണ്.
ലാളന തീരുവോളമവൻ, വേനലച്ഛനെ ഉമ്മവച്ചുറങ്ങി.
ഇക്കഴിഞ്ഞ മഴയിൽ,
ഒന്നരയടിപ്പൊക്കമുള്ള ഒത്തൊരാൺപുല്ലായി വളർന്നു.

അവളൊരു ജിപ്സിപ്പുല്ലാണ്,

---

...നിന്റെ ഓർമ്മകൾക്ക് എരുക്കിൻ പൂവിന്റെ ഇളംവയലറ്റ് നിറം. പിൻകഴുത്തിൽ പല്ലുരഞ്ഞപ്പോഴുണ്ടായ അതേ നീറ്റം.

ജിപ്സികളുടെ പാരമ്പര്യമുള്ള പുല്ല്!
കാറ്റിനു താളമൊപ്പിച്ച് നൃത്തം ചവിട്ടാറുള്ളതും
ഇലയനക്കങ്ങളിൽ സംഗീതം സന്നിവേശിപ്പിയ്ക്കാറുള്ളതും
അതുകൊണ്ടാണ്.

അവളുടെ അമ്മ,
ലാറ്റിനമേരിയ്ക്കൻ കാടോളം വളർന്നുനടന്നു.
ഒരുപാടു നാട്ടുകളുടെ ദഹനപാതയിലൂടെ കയറിയിറങ്ങി.
കുറേയേറെ അന്തിക്കാളകളുടെ അടിയിൽ
ചോരയും ജീവനുമൊലിപ്പിച്ച് കിടന്നു.
ആൺപുല്ലുകൾ കുടഞ്ഞിട്ട ചളി കുടിച്ചാണ്
കറുത്തതും ചത്തതും, വിത്തു മുളച്ചതും.

ചത്തതും ചീഞ്ഞതും ശുവെള്ള പാലായി.
മണ്ണ് പതുപതുത്ത മുലയായി.
വേര് നനുത്ത ഇളം ചുണ്ടായി.
അവൾ
ഒന്നരയടിപ്പൊക്കമുള്ള ഒത്തൊരു പെൺപുല്ലായി.

അവർ രണ്ടുപേരും,
വണ്ടെന്ന മധ്യവർത്തിയില്ലാതെ,
കെട്ടിപ്പിടിച്ച് പരാഗണം നടത്തുന്നു.
ഇലയോടില ചേർത്ത് ഉമ്മ വയ്ക്കുന്നു.
കാലം ദേഹം ദേശം സ്നേഹം
രണ്ട് തണ്ടുകളിലേയ്ക്ക് ചുരുങ്ങുന്നു.
രവിവർമ്മച്ചിത്രത്തിലെ ജിപ്സിപ്പെൺകൊടിയുടെ
വരണ്ട മുടിപോലെ അടക്കമില്ലാതെ ഒതുങ്ങുന്നു.

---

...നമ്മെ പിരിച്ചെഴുതിയ വ്യാകരണം ഏത് ഭാഷയുടേതാണ്? ആസന്നദുരന്തങ്ങൾക്ക് മുൻപേ ഉരുവിടുന്ന മൗനമാണതെന്നെനിക്ക് തോന്നുന്നു.

# 35

## പൊറകോട്ട്

ചുളിവു വീണ ബെഡ്ഷീറ്റിനുമുകളിൽ,
പത്തു മിനിറ്റു മുൻപ്,
നീയും ഞാനും സ്വയം മറന്ന് കിടക്കുകയായിരുന്നു.

പതിനൊന്നു മിനിറ്റു മുൻപ്,
വല്ലാത്ത ആവേശത്തിൽ
പടവെട്ടുകയായിരുന്നു.

പതിനഞ്ചു മിനിറ്റു മുൻപ്,
ഞാൻ നിന്നെയെന്നോടു ചേർത്തമർത്തി
ഉമ്മ വയ്ക്കുകയായിരുന്നു.

ഇരുപത്തിയഞ്ചു മിനിറ്റു മുൻപ്
ഞാൻ നിന്റെ കവിളു തലോടുകയായിരുന്നു.

മുപ്പതുമിനിറ്റു മുൻപ്,
നീ
ബെഡ്ഷീറ്റിലെ ചുളിവു നിവർത്തുകയായിരുന്നു.
ഞാനീ ചാരുകസേരയിൽ,
ഒരു സിഗരറ്റ് പുകച്ചിരിക്കുകയായിരുന്നു.

---

...ഓർമ്മകളെ മുഖമമർത്തി കൊല്ലുമ്പോൾ ഓർമ്മിക്കണേ, ഒപ്പം നാമിരുവരും ശ്വാസമില്ലാതെ പിടയുകയാണെന്ന്.

നാൽപത്തഞ്ച് മിനിറ്റു മുൻപ്
ഞാനീ തെരുവിന്ററ്റത്തെവീട്ടിലെ,
മുറിയൊഴിയുന്നതും കാത്തകത്തൊരു
മൂലക്കിരിയ്ക്കുകയായിരുന്നു.

ഒരു മണിക്കൂർ മുൻപ്,
ഞാനാ തള്ളയോട്
നിനക്കു വേണ്ടി പേശുകയായിരുന്നു.

ഒന്നര മണിക്കൂർ മുൻപ്,
ഞാനെന്റെ പെണ്ണിന്റെ ബ്രായ്ക്കകത്തുന്ന്,
അവളുടെ മുലയുഴിഞ്ഞ്,
രണ്ടുമ്മ കൊടുത്ത്,
നാലു നൂറുനോട്ടുകൾ പിഴുതെടുക്കയായിരുന്നു.

നീ പക്ഷേ അപ്പോഴും,
ബെഡ്ഷീറ്റിലെ ചുളിവു നിവർത്തുകയായിരുന്നു.
ഇനി അടുത്ത തൊണ്ണൂറാം മിനിറ്റിലും,
നീ,
ബെഡ്ഷീറ്റിലെ ചുളിവു നിവർത്തുകയായിരിയ്ക്കും.

ഇങ്ങനെ നിവർത്തി, ഒടുക്കം ചുളിയുന്നേടത്ത്
നീ അവസാനിയ്ക്കുന്നു.
കുറേ വികാരപ്രേതങ്ങൾ, ഊരു ചുറ്റാനിറങ്ങുന്നു.

...നമുക്കിടയിൽ ദൂരം ഒരു പിഞ്ചുപൈതലിനെപ്പോലെയാണ്. അത് അതീവനിഷ്കളങ്കതയോടെ അപരിചിതർ എന്നോർത്ത് ഭയന്ന് മാറുകയോ, ചിരപരിചിതർ എന്നോർത്ത് ചുമലിൽ തല ചായ്ക്കുകയോ ചെയ്യുന്നു, അകാരണമായി തന്നെ.

# 36

## നീളം

പല വഴികളിലൂടെയും നടന്നു.
ഒന്നിലൂടെ ചിലപ്പോൾ കുറേ പോകും.
അടയുമ്പോഴോ മടുക്കുമ്പോഴോ
കണ്ണുകളടച്ച് കാഴ്ചയ്ക്ക് വിശ്രമംനൽകി
തിരിച്ചു നടക്കും.

ഒരു നേരം
ഒരു വഴിയ്ക്ക് ഞാനിപ്പോളിരിയ്ക്കുന്ന ജയിലറയുടെ
അഴിയോളം നീളം കാണും.
അൽപം കഴിഞ്ഞാലതിന്,
മിക്കപ്പോഴുമെന്നെ പ്രലോഭിപ്പിയ്ക്കാറുള്ള
ഫാൻ ഹുക്കിനോളംപോന്ന വട്ടമായിരിയ്ക്കും.
തിരിച്ചെത്തുമ്പോഴാണ്
ഇത് തുടങ്ങിയേടമല്ലേയെന്നോർത്ത്
ലജ്ജിച്ചിരിയ്ക്കേണ്ടി വരിക.

ഒരിയ്ക്കലാ വഴിയ്ക്ക്
അവളുടെ ശബ്ദത്തോളം നീളമുണ്ടായിരുന്നു.
അതുകൊണ്ടാണല്ലോ,
ഹാമ്ലിനിലെ കുഴലൂത്തുകാരനു പുറകെയെന്നോണം,
ആകൃഷ്ടനായി നടന്നത്.

...മേഘങ്ങൾക്കിടെ ഒരു കുടിൽ കെട്ടണം. മടിയിൽ തല ചായ്ച്, മുഖത്തേക്ക് ഉറ്റുനോക്കി, നിന്റെ നക്ഷത്രക്കണ്ണുകളുടെ തിളക്കത്തിലൊളിച്ച നിഗൂഢരാവുകളെ വായിച്ചെടുക്കണം.

ചൂടും ചൂരുമൊടുങ്ങിയപ്പോൾ,
കാൽ നനഞ്ഞു പൊള്ളിയപ്പോൾ,
ഓർമ്മകളെ വ്യഭിചരിച്ച് കൊന്നിട്ട് തിരിച്ച് നടന്നതും.

കൊന്നിട്ട ഓർമ്മകളെല്ലാം,
പുഴയുടെ തീരത്തുതന്നെയുള്ള
കണ്ടൽക്കാടുകളിലും
നീളൻ പുഴപ്പുല്ലുകളിലും
കുരുങ്ങിച്ചീഞ്ഞു ചീർത്തുപൊന്തുമെന്നു കരുതിയില്ല.
അല്ലെങ്കിൽ,
എന്റെ ഭാരമുള്ള കണ്ണുകളും,
പറക്കാൻ തീരെശേഷിയില്ലാത്ത
വീർത്തശരീരവും ചേർത്തു കെട്ടി,
ഓർമ്മകളെ ആഴത്തിൽതള്ളിയേനെ.
വഴികളുടെ ദൂരം,
അളക്കാൻ പോലുമാകാത്ത വിധത്തിൽ,
ശൂന്യതകളിലേയ്ക്കുകറ്റിയേനെ.

ഇതിപ്പോൾ
ചത്ത ഓർമ്മകൾക്കു മേലുണ്ടായിരുന്ന വിരലടയാളങ്ങളും,
ബലാത്സംഗം ചെയ്യപ്പെട്ടപ്പോൾ അവയ്ക്കു മേലുണ്ടായ ശുക്ലവും,
എന്റേതെന്ന് സ്ഥിരീകരിയ്ക്കപ്പെടുന്നു.

ന്യായസ്ഥലികളിലെ വിചാരണയും
വാർത്താവത്കരണവും കഴിഞ്ഞ്,
ജയിലഴിയോളമുള്ള
ഫാൻഹുക്കിനോളം വട്ടമുള്ള
നീളങ്ങളും അളന്ന്,
ഇവിടൊരു മൂലയിലുണ്ട് ഞാൻ.

## 37

### മാറാലത്വം

മാറാല കണക്കാണ്,
അടുക്കളയിലെ എന്റെ അമ്മ.
ഇളംകാറ്റിന്റെ കൈതട്ടിലും
വല്ലാതങ്ങുലയും.

പുകവിഴുങ്ങി
കറുത്തുകൊണ്ടിരിയ്ക്കുന്ന അവർ
മണ്ണെണ്ണവിളക്കിന്റെ,
ചൂരുള്ള പ്രദർശനശാലയാണ്.

ഓടോട്ടയിലെ
അഴികളിട്ട വെളിച്ചമാണ്
അമ്മയ്ക്കും മാറാലയ്ക്കും
ചിലപ്പോഴെങ്കിലും തിളക്കമേറ്റുന്നത്.

മച്ചിലെ പൊടിക്കരുത്ത്
മാറാല തടുക്കുന്നത്,
ഇന്നിലെ വികടധൂളികളെ
അമ്മ എന്നിൽനിന്നും

...സ്നേഹത്തരികൾ കൂട്ടിവച്ചുണ്ടാക്കിയ വിജന ദ്വീപിലെ ഒരു മരമാണ് നീ. ഞാനോ കടൽചൊരുക്കിന്റെ ഉള്ളു മണവുമായെത്തുന്ന ഉപ്പുകാറ്റും. ഞാൻ നിന്റെ സ്നേഹയിലപ്പച്ചകളിൽ ഒരുപ്പുമ്മ വയ്ക്കുന്നു. നീ ചില്ലയിളക്കി എന്റെ കാണാക്കവിളിൽ വിരലോടിക്കുന്നു നമ്മുടെ പ്രണയം കടലിലും വങ്കരകളിലും നിരന്തരം പറന്നുകൊണ്ടേയിരിക്കുന്നു.

അരിച്ചുകറ്റാറുള്ളത് പോലെയാണ്.

നാലുകെട്ടിനകത്തെ
കാരണവ ചർച്ചകളിൽനിന്നും
ഒരോലത്തുമ്പാലെന്ന പോലെ
ളുത്തു കളയപ്പെട്ടിട്ടുണ്ട്,പലപ്പോഴും.

കാലം കടിച്ചുകീറാത്ത,
ഇഴപിരിയ്ക്കാനാകാത്ത,
സ്നേഹകഞ്ചുകമായി
ഒരു മാതാവും ഒരു മാറാലയും
എന്നെ ചുറ്റിക്കൊണ്ടേയിരിയ്ക്കുന്നു

...ഞാൻ എന്നും ചവിട്ടിമെതിക്കപ്പെടുന്ന ഇടവഴിയാകുന്നു. നീയോരോ വേനലിലും പൂത്തുലഞ്ഞ്, എന്നിൽ മരിച്ചു ചേരുന്ന ഗുൽമോഹറും. നമുക്ക് വീഴ്ചകളുടെയും, അടിച്ചമർത്തലുകളുടെയും, മൃത്യുവിന്റെയും ഗാഥകൾ പാടാം.

## 38
### മീൻപിറവി

കരിങ്കാഴ്ചകൾ കണ്ട് മടുത്തിട്ടായിരിയ്ക്കണം.
കണ്ണുകൾ കുറുകിക്കുറുകി,
രണ്ട് വൃത്തങ്ങളായിരിയ്ക്കുന്നു.

വാക്കേറുകളിലും, നോക്കുളി ചെത്തുകളിലും,
മുറിവ് പറ്റാതിരിയ്ക്കാനെന്ന് തോന്നുന്നു,
ചെതുമ്പലുകൾ വളരുകയാണ് മേലാകെ.
ഒരുമയുടെ തിക്കിലും തിരക്കിലും,
ഉയന്ന് പൊന്തുന്ന വെളിച്ചംമുടക്കികൾ.
അമർന്നൊതുങ്ങിയ മുലകളേക്കാൾ വലിയ,
കാഴ്ചകളെ
ഇടം വലം വേർതിരിയ്ക്കാൻ പതിഞ്ഞു ചേർന്ന
മുഖത്തേക്കാൾ വലിയ കണ്മറ ശീലകൾ.

സമാനദിശയിലേയ്ക്ക്,
അതിദ്രുതം പാഞ്ഞിരുന്ന കാലുകൾ,
വിജാതീയധ്രുവങ്ങളിലേയ്ക്കുള്ള
ചൂണ്ടുപലകകളായി,വാൽത്തുമ്പായി.
അത്, അവതാരപ്പിറവിയുടെ
മൂട്ടിൽ തറച്ച
മീനോളം നീളമുള്ള അമ്പെന്ന് കവി.

---

...ഉള്ളിൽ തീയോളം പ്രണയം കാത്തുവച്ചിട്ടും, വർത്തമാനങ്ങൾക്കിടയിലെ വിടവുകളിലൂടെ ശീതം തുളച്ച് കയറി തണുപ്പിക്കുന്നു.

വിടർന്നു പിരിഞ്ഞ,
രണ്ടില ചിഹ്നത്തിന്റെ,
ജൈവാന്തരമെന്ന് രാഷ്ട്രീയം.

സർക്കാരിന്റെ ഒന്നര രൂപാ സൗജന്യം വേണ്ട.
ഐ പില്ല് പരത്തുന്ന വെപ്രാളം വേണ്ട.
ചെന്തെരുവിന്റെ മുല്ലപ്പൂവിടങ്ങളായി,
വെറ്റിലച്ചവകളായി,
പാറിനടന്ന് പേറിയതത്രയും,
ഇന്ന് മുട്ടകളാണ്, മീൻമുട്ടകൾ.
പീഡനപർവ്വങ്ങളും, തദ്ഫലഗർഭങ്ങളും,
കല്ലോരം പറ്റിക്കിടക്കുന്ന മുട്ടകളാണ്.
മീൻ മുട്ടകൾ.

പേറ്റുനോവിന്റെ കണക്കുപേച്ചില്ലാതെ,
കള്ളക്കണവന്റെ ചന്തിതാങ്ങാതെ,
എനിയ്ക്കൊരുപാട് ദിവ്യഗർഭങ്ങൾ ധരിയ്ക്കാലോ.
വാ കീറിയ പൈതങ്ങളെ വെള്ളത്തിലൊഴുക്കാലോ.
ഒരു മീൻപിറവിയിലൂടെ ഞാൻ സ്വതന്ത്ര്യയാകട്ടെ!

...ഒരു മഴയിൽ ആകാശത്തുനിന്നും എന്നിലേക്കാഞ്ഞു പതിക്കയും അരവേനലിൽ പാറിപ്പോവുകയും ചെയ്ത ശലഭമേ.

# 39

## അജ്ഞാതജഡം

കാണാറുണ്ട്
റെയില്പാതയ്ക്കരികിൽ ളുത്തുകുട്ടി.
ആസ്പത്രി വരാന്തയിൽ
ചാണകപ്പുഴുവിനെപ്പോലെ ചുരുണ്ട്.

ഒരു കാക്കയുടെ സൂക്ഷ്മതയുണ്ട്
ചീർത്ത് തുറന്നിരിയ്ക്കുന്ന ഒറ്റക്കണ്ണിന്,
'കാകദൃഷ്ടി'.
കൂട്ടത്തിനും മരണാവൃതനായാൾക്കും
പരസ്പരം എത്തിനോക്കാനുള്ള
പൊളിപ്പ്,
ഒറ്റക്കണ്ണിന്റെ തുറന്നവാതിൽ.

പത്തഞ്ഞൂറുമീറ്റർ നീളമുള്ള
ഉരുക്കുശകടത്തെ തോൽപ്പിച്ചതിന്റെയോ,
ചുളിച്ച് അപ്പൂപ്പൻതാടിയാക്കാൻ ശ്രമിച്ച
കാലത്തെ ശവക്കീഴിലൊതുക്കിയതിന്റെയോ,
ഉന്മത്തമായ അട്ടഹാസങ്ങൾ തിങ്ങി
കവിൾ വീർത്തിരിയ്ക്കുന്നു.

തടിച്ച ചുണ്ടുകൾക്കിടയിലൂടെ
നിരവിട്ട പല്ല്,

...

ചാട്ടുളിയുടെ അലക് പോലെ വെട്ടിത്തിളങ്ങുന്നു.
അരിപ്പക്കുത്തുകൾ വീണ മുഖത്ത്
ശവപ്പാട് ചോരച്ച് കിടക്കുന്നു.

ആരോപിക്കപ്പെട്ട ഒറ്റനക്ഷത്രത്തെ വായിച്ചെടുക്കാൻ
ശവങ്ങൾ മാത്രം സംസാരിക്കുന്ന
ജഡത്വത്തിന്റെ ഭാഷ,
ആകാശത്തിനുമപ്പുറത്തേയ്ക്ക് വെമ്പിപ്പറക്കുന്നു.

നീളം വച്ചുകൊണ്ടേയിരിയ്ക്കുന്ന അട്ടപ്പങ്ങൾ
മോർച്ചറിയിൽ നിന്നും പൊതുശ്മശാനത്തിലേക്കുള്ളത്ര
നേർത്തിരിയ്ക്കുന്നു.

---

...

# 40

## വിജാഗിരികൾ

ലോകം അടിസ്ഥാനപ്പെടുന്നതു തന്നെ
ഒരുപാട് വിജാഗിരികളിലാണ്.
നിരന്തരം തുറക്കാവുന്നതും അടക്കാവുന്നതുമായ
വാതിലുകൾ,
കിളിവാതിൽ മൂടികൾ,
ഉപ്പുപെട്ടിയുടെ മേൽപ്പാളികൾ,
കൈകൾ, കാൽമുട്ടുകൾ.
ഇത് ഭൗതിക വിശദീകരണമാണ്.

നമ്മളിന്നു വാതിൽതുറന്നപ്പോൾ
ഇടനാഴിയുടെ അരികിലൂടെ
ഒരു വിജാഗിരി
ഇടത്തും വലത്തും തുത്ത്
ചാവികൊടുത്തതുപോലെ
മുന്നോട്ട് നടന്ന് പോകുന്നുണ്ടായിരുന്നു.

പാർക്കിലെ പിസാപാതിരായ്ക്ക്,
കടലാസുകവറുകൾ പെറുക്കിയെടുത്ത്
ആടിയാടിപ്പോകുന്നുണ്ടായിരുന്ന
ഒരു നരച്ച തുരുമ്പിച്ച വിജാഗിരി.

പാർക്കിംഗ് ലോട്ടിന്റെ എൻട്രൻസിനടുത്ത്

---

...

നല്ല പട്ടാളക്കുപ്പായമിട്ട്
മറ്റൊരു വിജാഗിരി ഇപ്പോഴുമുണ്ട്.

വലത്തേക്കൈയിൽ
നിരന്തരം ചലിയ്ക്കുന്ന ഡെസ്ക് ക്ലീനർവെപ്പും
ഇടത്തേക്കൈയിൽ
അഴുക്കുപുരണ്ട പാന്മമായിവരാറുള്ള
ഏഴുവയസ്സുള്ള വിജാഗിരി
നമ്മുടെ കുഞ്ഞൂന്റ്രേയുള്ളൂ അല്ലേ?

റോഡ് അമർത്തിയരച്ചുകൊണ്ടിരിക്കുന്ന
സ്റ്റീൽവീൽഡ് റോളറിന്റെ
അടി നനച്ചുകൊണ്ടിരിയ്ക്കുന്ന
തലേക്കെട്ടുകെട്ടിയ
കറുത്തുറച്ച വിജാഗിരിയായിരുന്നു എന്റച്ഛൻ.

അടുക്കളവാതിലിന്റെ
നിരന്തരമുള്ള പുകച്ചുമകൾക്ക്
മരുന്നുതേടിക്കരിഞ്ഞ
ഒരു പാവം
നാട്ടുവൈദ്യക്കാരിയായ വിജാഗിരിയായിരുന്നു എന്റമ്മ.

വിജാഗിരി എന്നാൽ,
നിയന്ത്രിക്കപ്പെട്ട പ്രതികരണങ്ങളും
ചലനങ്ങളുമുള്ളതെന്നാണ്.

...

Please write to ⟨info@sayahna.org⟩ to submit bugs, suggestions, feature requests and to get involved.
Sayahna Foundation • JWRA 34, Jagathy • Trivandrum 695014 • INDIA